ശ്രീരാമവർമ്മഗ്രന്ഥാവലി.

മനുഷ്യാലയചന്ദ്രിക.

തച്ചുശാസ്ത്രം.

കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്ന്,
വ്യാഖ്യാനത്തോടും പരിലേഖനങ്ങളോടും കൂടി
പ്രസിദ്ധപ്പെടുത്തുന്നത്

കോപ്പി 600

[illegible]

വില ഒന്നു ക.

ശ്രീരാമവർമ്മഗ്രന്ഥാവലി.

മനുഷ്യാലയചന്ദ്രിക.

ത ച്ചു ശാ സ്ത്രം.

RAMA VARMA RESEARCH INSTITUTE
TRICHUR, COCHIN STATE
No. 1057
Ml: 53.

കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിറ്റിയിൽനിന്നു,
വ്യാഖ്യാനത്തോടും പരിലേഖനങ്ങളോടും കൂടി
പ്രസിദ്ധപ്പെടുത്തുന്നത്.

കോപ്പി 500

പകർപ്പവകാശം
കമ്മിറ്റിക്കുള്ളത്.

വില ണ. ൧൨.

വിഷയാനുക്രമണിക.

[illegible]	പദ്യം	വിഷയവിവരം
1	1	മംഗളാചരണം
,,	2	ഗ്രന്ഥകർത്തൃവിവരണം
2	3	[illegible]
,,	4	[illegible]
3	5	[illegible]
,,	6	[illegible]
4	7	[illegible]
,,	8	[illegible]
5	9	[illegible]
,,	10.11.12	[illegible]
7	13	[illegible]
,,	14	[illegible]
8	15	[illegible]
9	16	[illegible]
10	17	[illegible]
,,	18	[illegible]
11	19	[illegible]
12	20	[illegible]
13-15	21-23	[illegible]
16	23-24	[illegible]
17	26	[illegible]
18	27	[illegible]
,,	28	[illegible]
19	29	[illegible]
,,	30	[illegible]
20	31	[illegible]
21	32	[illegible]
,,	33	[illegible]
22	34	[illegible]
23	35-36	[illegible]
24	37	[illegible]
25	38	[illegible]
26	39,40,41	[illegible]
27	42	[illegible] വിധി
28	43	[illegible] വിധി

പുറം	പദ്യം	വിഷയവിവരം
29	44	[illegible]
	45	[illegible]
30	46	[illegible]
	47	[illegible]
32	48	[illegible]
33	49,50,51	[illegible]
35	52	[illegible]
,,	53	[illegible]
36	54–57	[illegible]
37	58	[illegible]
38	59	[illegible]
39		[illegible]
,,	60	[illegible]
40	61–64	[illegible]
49	65–75	[illegible]
51	76–77	[illegible]
52	78	[illegible]
54	79	[illegible]
55	80	[illegible]
56	81	[illegible]
57	82	[illegible]
58	83	[illegible]
59	84	[illegible]
60	85–86	[illegible]
61	87	[illegible]
62	88	[illegible]
63	89–90	[illegible]
,,	91	[illegible]
64	92	[illegible]
65	93–96	[illegible]
67	97	[illegible]
68	98–99	[illegible]
69	100,101	[illegible]
70	102	[illegible]
71	103	[illegible]
,,	104	[illegible]
72	105	[illegible]
73	106	[illegible]
74	107	[illegible]
75	108,109	[illegible]

ശ്ലോകം	പുറം	വിഷയവിവരം
76	110	[illegible]വിധി
,,	111-112	[illegible]വിധി
77	113-116	[illegible] വിധി
78-83	117-119	[illegible]വിധി
84	120	[illegible] വിധി
	121	[illegible] വിധി
85	122	[illegible] വിധി
86	123	[illegible] വി
,,	124	[illegible] വിധി (ധി
87	125	[illegible] വിധി
88	126	[illegible] വിധി
	127	[illegible] വിധി
89	128-129	[illegible]വിധി
90	130-131	[illegible] വിധി
91	132-133	[illegible] വിധി
93	134	[illegible]
94-95	137-140	[illegible] വിധി
96	141	[illegible]വിധി
	142-143	[illegible]വിധി
98	145	[illegible] വിധി
99	146	[illegible]
100	147	[illegible]
101	148	[illegible]
102	149	[illegible]വിധി
103	150	[illegible]വിധി
104	151-159	[illegible]വിധി
117	160	[illegible] വിധി
,,	161	[illegible] വിധി
119	162	[illegible] വിധി
120	163	[illegible] വിധി
122,123	164	[illegible] വിധി
124	165	[illegible]വിധി
125	166-167	[illegible]വിധി
126-127	168-169	[illegible]വിധി
	170	[illegible] വിധി
128	171	[illegible] വിധി
129	172	[illegible]വിധി (ധി
130	173	[illegible]വിധി [illegible]

പ്രസ്താവന.

മലയാളരാജ്യത്തിന്റെ മദ്ധ്യദേശങ്ങളിൽ മനുഷ്യാലയനിർമ്മാണത്തിൽ ശില്പശാസ്ത്രജ്ഞന്മാർ പ്രധാനമായി അംഗീകരിച്ചുവരുന്ന ഒരു പ്രമാണഗ്രന്ഥമാണു 'മനുഷ്യാലയചന്ദ്രിക.' ഈ ഗ്രന്ഥം തന്നെ വേറെ ഒരു രൂപത്തിൽ കാല്പാല്പം ഭേദഗതികളോടുകൂടി ഏഴ് അദ്ധ്യായങ്ങളാക്കി തിരിച്ച്, പേരുമാററം കൂടാതെ പ്രചാരത്തിൽ വന്നിട്ടുണ്ട്. അതു ബ്രിട്ടീഷുമലബാറിൽനിന്നു 'പാലോളി ചോയി'വൈദ്യരാൽ ഉണ്ടാക്കപ്പെട്ട 'ലളിത' എന്നൊരു ഭാഷാവ്യാഖ്യാനത്തോടുകൂടി ഗ്രന്ഥാകാരത്തിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ആ ലളിതയുടെ രംഗപ്രവേശകാലത്തുതന്നെ അതിന്റെ സ്ഖാലിത്യങ്ങളേയും കാപട്യങ്ങളേയും വിശദീകരിച്ചുകൊണ്ട് 'ലളിതാവിദ്രാവണം' എന്നൊരു ഖണ്ഡനപുസ്തകത്തെ 'കൊടശ്ശേരിച്ചെറുക്കൻ' എന്ന പേരുവെച്ചു ഞാൻ തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുകൂടത്തിൽനിന്നു പ്രകാശിപ്പിച്ചു.

ആ വാക്സമരങ്ങളെല്ലാം ശമിച്ചു പിന്നെയും കുറച്ചുകാലം കഴിഞ്ഞതിനുശേഷം ആ 'മനുഷ്യാലയചന്ദ്രിക'ക്കു സവിസ്തരമായ ഒരു വ്യാഖ്യാനം ഞാൻ എഴുതുകയും, അതിൽ ആദ്യത്തെ മൂന്ന് അദ്ധ്യായം [illegible] പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ശേഷമുള്ള ഭാഗം വേറെ ചില പ്രതിബന്ധങ്ങളാൽ അന്നു പ്രസിദ്ധീകരിപ്പാൻ സാധിച്ചില്ല. ആ വ്യാഖ്യാനം എഴുതുവാനായി ഞാൻ പല പൂർവ്വഗ്രന്ഥങ്ങളെയും അന്വേഷിച്ചു സമ്പാദിച്ച കൂട്ടത്തിൽ കൈവശം കിട്ടിയതാണ് ഈ ഗ്രന്ഥം. ഇതിലെ മൂലവും ഭാഷാവ്യാഖ്യാനവും പഴയതുതന്നെയാണ്; അവയിൽ എനിക്കു പറയത്തക്ക അവകാശം ഒന്നുമില്ല. എന്നാൽ വ്യാഖ്യാനത്തിലെ ചില ഭാഷാരീതി നവീനന്മാർക്കു മനസ്സിലാകുവാൻ പ്രയാസമുള്ളതും അനുചിതങ്ങളുമായി തോന്നിയതിനാൽ അവിടവിടെ ആവശ്യത്തിനു ഭേദം

വരാതെയെല്ലാം പദവിന്യാസത്തിൽ ഏതാനും ചില മാററങ്ങൾ ചെയ്യിട്ടില്ലെന്നില്ല. ഇതു കൂടാതെ അധികപ്പടിയായി ഞാൻ ചെയ്തിട്ടുള്ളത്, ശങ്കുസ്ഥാപനം, ദിങ്നിർണ്ണയം, പദവിന്യാസം, വീഥിസ്ഥിതി മുതലായി ഗൃഹനിർമ്മാണം ചെയ്യുന്ന രീതികളെസ്സംബന്ധിച്ചും, ഏകശാല, ചതുശ്ശാല മുതലായ ഗൃഹങ്ങളുടെ വിന്യാസഭേദങ്ങളെ ഉദാഹരിച്ചും ഏതാനും ചില പരിലേഖങ്ങളും ഒരു കോൽ മുതൽ അറുപതുകോൽ വരെയുള്ള ഓരോ പരിഷയിലും ധ്വജാദിയോനികളിൽ വരുന്ന ചുററുകണക്കുകളെല്ലാം ഉത്തമമധ്യമാധമങ്ങളായി തിരിച്ച് ആയാസം കൂടാതെ അറിയത്തക്കവണ്ണം 'കോൽ തച്ച്' എന്ന ഒരു പട്ടികയും മാത്രമാണ്. ഈ വിഷയത്തിൽ ഞാൻ ചെയ്തിട്ടുള്ള പരിശ്രമത്തിന്റെ ഫലം, ശില്പകർമ്മോപജീവികളായ ആശാരിമാർക്കും അവരവർക്കു ഹിതമായ കണക്കുകളെ ഇഷ്ടംപോലെ തെരഞ്ഞെടുത്തു ഗൃഹം തീർപ്പിക്കുന്നതിൽ ഗൃഹനാഥന്മാർക്കും ഉണ്ടാവുന്ന ആയാസം കുറയ്ക്കുകയാണ്.

അനേകകാലത്തെ ലോകാവലോകനംകൊണ്ടും നിരീക്ഷണപരീക്ഷണങ്ങളെക്കൊണ്ടും അനേകങ്ങളായ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി പൂർവാചാര്യന്മാർ നിബന്ധിച്ചിരിക്കുന്ന ശാസ്ത്രനിയമങ്ങളെ ഉല്ലംഘിച്ചു പ്രവർത്തിക്കുന്നതു ശ്രേയസ്കരമായിത്തീരുകയില്ലെന്നു വിശ്വസിക്കുന്ന യഥാസ്ഥിതികന്മാർക്കു, ശാസ്ത്രനിയമങ്ങളെയും ആത്മാഭിരുചികളെയും അനുസരിച്ചു നടക്കുന്നതു് അസ്വാതന്ത്ര്യത്തിനും അസുഖത്തിനും കാരണമായിത്തീരുന്നതാകകൊണ്ട് അതൊക്കെ വെറും കഥയേ കാലമായി എന്നു വാദിക്കുന്ന ഉൽപതിഷ്ണുക്കൾക്കും യഥേഷ്ടം രുചിക്കത്തക്കവണ്ണം ഗൃഹങ്ങളുണ്ടാക്കുവാനുള്ള സൌകര്യങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഇതുതന്നെയാണ് ഈ ഗ്രന്ഥത്തിന് ഇതരശില്പശാസ്ത്രഗ്രന്ഥങ്ങളെ അപേക്ഷിച്ചു പ്രത്യേകം ആദരണീയമായ ഒരു ഗുണമുള്ളത്. ജനബാഹുല്യം, ധനവിഭാഗം മുതലായതുകൊണ്ട് ഒരു തറവാട്ടു പല താവഴികളായും, ഓരോ താവഴികളും അനേകം

വീടുകളുടെയും തിരിയുന്നതിനാൽ നാട്ടുപുറങ്ങളിലും, വൈദേശികസമ്പ്രദായത്തിലുള്ള പരിഷ്കാരഭേദം നിമിത്തം നഗരങ്ങളിലും സ്ഥലദൌർല്ലഭ്യം സംഭവിക്കയും, പ്രാചീനസമ്പ്രദായത്തിലുള്ള നാലുകെട്ടുപുരകളോടു ജനങ്ങൾക്കു വൈമുഖ്യം തോന്നുകയും ചെയ്യുന്നതിനാൽ ഭൂമിയുടെ ലക്ഷണവും വിന്യാസവും, പുരകളുടെ ആകൃതിയും കണക്കും ഗോചരമാകാത്ത രീതിയിൽ ചില പരിഷ്കാരങ്ങളും പുതുമകളും വരുത്തേണ്ടതിനും ഈ ഗ്രന്ഥം അത്യന്തം ഉപയോഗപ്രദമായിരിക്കുന്നതാണ്.

ഇതിലെ ഒന്നാമത്തെ ശ്ലോകത്തിൽനിന്നു ഗ്രന്ഥകർത്താവു 'തിരുമംഗലത്തു' 'നീലകണ്ഠൻ' എന്നൊരാൾ ആണെന്നു കാണുന്നു. രണ്ടും മൂന്നും ശ്ലോകങ്ങളിൽ അദ്ദേഹത്തിന്റെ ഇഷ്ടദേവതമാരായി പറയുന്നതു ബ്രിട്ടീഷ്മലബാറിൽ പൊന്നാനി താലൂക്കിൽ എടക്കുളം തീവണ്ടിആപ്പീസ്സിൽനിന്നു തെക്കുപടിഞ്ഞാറു പണ്ടത്തെ വെട്ടത്തുനാട്ടിൽ പെട്ട ചില ക്ഷേത്രങ്ങളിലെ ദേവന്മാരെക്കുറിച്ചാണ്. ആ ദിക്കിൽ അന്വേഷിച്ചതിൽ, അവിടെ 'തൃപ്പങ്ങോട്ട്' (പരക്രോഡം) എന്ന ക്ഷേത്രത്തിന്റെ സമീപത്തിൽ 'തിരുമംഗലം' എന്നൊരു മൂത്തതിന്റെ ഇല്ലം ഇപ്പോഴും ഉണ്ട്. ആ ഗൃഹത്തിൽ പണ്ടു പല പണ്ഡിതന്മാരും ഉണ്ടായിരുന്നുവെന്നും കേൾവിയുണ്ട്. അവരിൽ ഒരാളായിരുന്നു ഈ ഗ്രന്ഥകർത്താവെന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടാവാനവകാശമില്ല. ആര്യാവർത്തത്തിൽ ഗംഗാതീരംപോലെ കേരളത്തിൽ പ്രാചീനകാലത്തു മൂത്തതുകളുടെ പാരമ്പര്യം വിദ്വൽപരിഷകളായിരുന്നുവെന്നു പ്രസിദ്ധമാണ്. ആ സമ്പ്രദായം ഇന്നും കേവലം നശിച്ചുപോയിട്ടില്ലെന്നു തെളിയിക്കത്തക്കവണ്ണം ചില പണ്ഡിതന്മാർ ആ പ്രദേശങ്ങളിൽ പ്രകാശിക്കുന്നുണ്ടല്ലോ.

ഇദ്ദേഹത്തിന്റെ ജീവിതകാലം സൂക്ഷ്മമായി പറയത്തക്ക ലക്ഷ്യങ്ങളൊന്നും കിട്ടീട്ടില്ല. എന്നാൽ ഈ ഗ്രന്ഥത്തിൽ തന്നെ അമ്പതാമത്തെ ശ്ലോകത്തിന്റെ അന്ത്യപാദത്തിൽ "അന്നസമുച്ചയനാമസമേതാ മാസ്സേ സംരചിതേ" എന്ന പാ

ത്തിരിക്കുന്നതിൽനിന്നും, തന്ത്രസമുച്ചയത്തിലെ പല ശ്ലോകങ്ങളും ഇതിൽ എടുത്തു ചേർത്തിരിക്കുന്നതിൽനിന്നും തന്ത്രസമുച്ചയഗ്രന്ഥത്തിന്റെ പ്രചാരം വന്നതിൽപിന്നെയാണ് ഇതുണ്ടാക്കിയതെന്നു സ്പഷ്ടമാകുന്നു. തന്ത്രസമുച്ചയമാകട്ടെ കല്യബ്ദം ൪൫൭൦-ൽ (ക്രി.വ.൧൪൨൭) 'ജയന്തമംഗലം' എന്ന ഗൃഹത്തിൽ (വടക്കൻചേന്നാസ്സുമനക്കൽ) ജനിച്ച 'നാരായണൻ' (നാരായണൻനമ്പൂതിരിപ്പാട്) എന്നൊരാളാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് ആ ഗ്രന്ഥത്തിൽതന്നെയുള്ള താഴെ കാണുന്ന പദ്യത്തിൽനിന്നു സ്പഷ്ടമാകുന്നു.

"കല്യബ്ദേപ്രമിതേത്ര 'നാദനയനാ-
ധാംഭോധി' സംഖ്യേ ച യഃ
സംജാതോ ഭുവിതഥ്യവൃത്തനിയമ-
ശ്ശാലേ സമക്ഷേത്രാശ്രയേ.
പ്രാജ്ഞസ്യ 'ജയന്ത മംഗല'പദേ-
ധാം ധാമ 'നാരായണഃ'
സോയം തന്ത്രമിദം വ്യധാത് ബാല്യവിധാ-
മപ്യത്ര തന്ത്രാണ്യപാൽ."

(പടലം ൧൨. പദ്യം ൨൫)

അക്കാലത്ത് അച്ചടി മുതലായ സൌകര്യങ്ങളില്ലാതിരുന്നതിനാൽ ഒരു ഗ്രന്ഥത്തിന്റെ പ്രചാരം സിദ്ധിക്കണമെങ്കിൽ ചുരുങ്ങിയത് ഒരു നൂറ്റാണ്ടുകാലമെങ്കിലും വേണ്ടിവരുന്നതാണ്. ആ സ്ഥിതിക്ക് ഈ ഗ്രന്ഥം, ക്രിസ്തു പതിനാറാം നൂറ്റാണ്ടിലോ പതിനേഴാം നൂറ്റാണ്ടിലോ ഉണ്ടാക്കപ്പെട്ടതായിരിക്കണം.

ഇതിലെ ഒന്നാം ശ്ലോകത്തിന്റെ അന്ത്യപാദത്തിൽ കാണുന്ന 'തന്മുഖച്ചിത്രതാവിൽ' എന്ന വാക്യത്തിന്, വ്യാഖ്യാതാവ്, 'ശില്പിരത്നം എന്ന ഗ്രന്ഥത്തെ ഉണ്ടാക്കി' എന്നു വ്യാഖ്യാനം ചെയ്തുകാണുന്നു. എന്നാൽ 'ശില്പിരത്നം' എന്ന ഗ്രന്ഥത്തിലാകട്ടെ ഗ്രന്ഥകർത്താവിന്റെ പേർ യാതൊന്നും പറഞ്ഞുകാണുന്നുമില്ല. തിരുവനന്തപുരം സംസ്കൃതഗ്രന്ഥാവ

ലിയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 'ശില്പരത്നം' എന്ന പുസ്തകത്തിന്റെ പൂർവ്വഭാഗത്തിൽ 'ശ്രീകുമാരപ്രണീതം' എന്നു അച്ചടിച്ചു കാണുന്നതിനു പ്രമാണമെന്തെന്ന് അന്വേഷിക്കേണ്ടതാണ്.

"നാനാവിശാലഗണിതാഗമശില്പശാസ്ത്രാ-
ബ്ധ്യുൽപത്തിവൃദ്ധിമുഖരത്നവിക്രമാഢ്യാം
'സേരുമ്പ്രകാനന'നിവാസകൃതാധിവാസാം
വന്ദേ ഭവാനിവതിം പരദേവതാം മേ"

(ശില്പരത്നം അദ്ധ്യായം ൧. പദ്യം ൪)

"സംപ്രാപ്യതേ സമസി ഭാർഗ്ഗവവംശജാതാ-
ദ്ദേവസ്സ്വിൻ ബ്രഹ്മയോഃ സകലശില്പകലാസു ധന്യോ
തം മേ നാരമി പിതരം ശ്രുവംശജാതം
ശൈലാബ്ധിപപുത്രമഹിതപ്രണതോ ഗുരുകം"

(ശി-ര-അ-൧-പ-൨)

"ബ്രാഹ്മം ക്ഷാത്രം ച തേജോദ്യോതമാനാധികയാ
 പരിശതേ യത്ര വീരേ
തസ്യ 'ശ്രീദേവനാരായണധരണിപതേ'-
 രാജ്ഞയാജ്ഞാതകോദ്യം
മന്ദോപ്യത്യന്തമോഹാതിവിപുലതരേ-
 ള്ളോഭ പൂർവ്വാഗമേഭ്യഃ
സംക്ഷിപ്യം 'ശില്പരത്നം' പ്രലിഖിതുമധുനാ
 പ്രക്രമേ തൽക്രമേണ"

ശി-ര-അ-൧-പ-൬)

മേലെഴുതിയവയിൽ ആദ്യശ്ലോകത്തിൽ 'സേരുമ്പ്രകാനനം' എന്നുള്ളതു സംസ്കൃതീകരിക്കപ്പെട്ട ഒരു സുബ്രഹ്മണ്യക്ഷേത്രനാമമാണ്. അതിന്റെ സാക്ഷാൽ പേരെന്താണ്? ആ ക്ഷേത്രം എവിടെയാണ്? രണ്ടാംശ്ലോകത്തിൽ 'സകലശില്പകലാവിപൂർണ്ണനും, ശ്രുവംശജാതനും, ഗ്രന്ഥകർത്താവിന്റെ പിതാവും ആണെന്നു പറയുന്ന ആ മഹാൻ ആരാണ്? മൂന്നാംശ്ലോ

ക്കത്തിൽ പറയുന്ന 'ദേവനാരായണധരണീപതി' മഹാകവിയും മഹാവൈയാകരണശിരോമണിയുമായ മേല്പുത്തൂർ ശ്രീനാരായണഭട്ടതിരിയെക്കൊണ്ടു 'പ്രക്രിയാസർവസ്വം' മുതലായ ഗ്രന്ഥങ്ങൾ ഉണ്ടാക്കിച്ച ആ വിദ്വൽപ്രിയനായ അമ്പലപ്പുഴ രാജാവുതന്നെയാണെന്നു് ഇതെല്ലാമാണ് അനുമാനിപ്പാനുള്ള വിഷയങ്ങൾ.

'മാതംഗലീലാ' എന്ന ഗജശാസ്ത്രഗ്രന്ഥത്തിലെ മംഗളശ്ലോകവും ഈ മനുഷ്യാലയചന്ദ്രികയിലെ മംഗളശ്ലോകവും തമ്മിൽ അധികം സാദൃശ്യമുണ്ട്.

"നൃസിംഹായാദികവയേ ദൈത്യ
സമുദ്രോഗ്രാടവീഭവേ
ശങ്കരാണാം ഭജേ ശാ
ത്രശുമശൈലധാമനി"

(മാതംഗലീലാ)

അതുകൊണ്ടു് ഈ രണ്ടു ഗ്രന്ഥങ്ങളുടെയും കർത്താവു് ഒരാൾതന്നെയായിരിക്കാം എന്നു ശങ്കിപ്പാനവകാശമുണ്ടു്.

ഇങ്ങനെ ഗ്രന്ഥകർത്താവിന്റെ ഉദയം ദേശം കുലവും കാലവും നിർണ്ണയിക്കുന്നതിനു് എന്റെ അന്വേഷണത്തിലും ഊഹാപോഹങ്ങളിലും പെട്ടിട്ടുള്ള സംഗതികളെ അടിസ്ഥാനപ്പെടുത്തി എന്താനും ചില വിവരങ്ങൾ ഇവിടെ പ്രസ്താവിച്ചുവെന്നു മാത്രമേ പറവാൻ തരമുള്ളൂ. ചരിത്രകാരന്മാരുടെ പരിശ്രമംകൊണ്ടു് ഇതിലും സ്പഷ്ടവും സത്യവുമായ അറിവുകൾ കിട്ടുമ്പോൾ ഇതിനെ തള്ളുകയും അവയെ ഗ്രഹിക്കുകയും ചെയ്യാമല്ലോ.

ഭാഷാപരിഷ്കരണക്കമ്മറ്റി

അപ്പീസ്,	പണ്ഡിതർ
ഇരിങ്ങാലക്കുട	കെ. പരമേശ്വരൻ മൂസ്സത്.
[illegible]	

ചിത്രങ്ങളുടെ

വിവരം.

---

൧ ആധാരതന്ത്രം (സ്വമന് കാല്)

൨ ശങ്കരാചാര്യൻ (മിഷ്യറിന്റെയും)

൩ ഗണപതിപ്രതിമ (സൂത്രങ്ങളുടെ)

൪ വീഥിവ്യാസം.

൫ (എ) ദേവതാസ്ഥിതി (നൂറ് പടത്തിൽ)

(ബി) ദേവതാസ്ഥിതി (൧൨൫ പടത്തിൽ)

൬. (എ) ക്ഷേത്രം (നൂറ് പടത്തിൽ)

(ബി) ,, ടി (൧൨൫ പടത്തിൽ)

൭. ചിത്രശാലാ

൮. പത്രശാലാ

൯. ശിലാചത്വരശാലാ

൧൦. ഇട്ടുപ്രമാണശാലാ

൧൧ ഖുകശാലാ

മനുഷ്യാലയചന്ദ്രികാ.

ഹരിഃ ശ്രീഗണപതയേ നമഃ.

അവിഘ്നമസ്തു

നൃസിംഹാകാരമാദാവഭിമതം തേജോമൂർത്തിമമലമപരം
ഭാവയേ പരമം ‘ശുഭാമംഗല്യ’ധാമനി ൧

അവതാരിക—മനുഷ്യാലയചന്ദ്രിക എന്ന ഗ്രന്ഥത്തെ ചമപ്പാൻ തുടങ്ങുന്ന ആചാര്യൻ അതിന്റെ നിർവിഘ്നപരിസമാപ്തിക്കായിക്കൊണ്ട് ഇഷ്ടദേവതാസ്മരണത്തെ ചെയ്യുന്നു.

വ്യാഖ്യാനം—‘ശുഭാമംഗലം’ എന്ന സ്വാമിക്ഷേത്രങ്ങളിൽ നരസിംഹാകൃതിയായും, ശ്രീകൃഷ്ണാകൃതിയായും ഇരു തേജസ്സുകൾ പരമാർത്ഥത്തിൽ ഒന്നായിത്തന്നെ ശോഭിക്കുന്നു.

അവതാരിക—അനന്തരം ഗ്രന്ഥകർത്താവു തന്റെ ഗുരുനാമാദികളെ പറയുന്നു.

അത്രത്യശ്രീമഹേശപ്രണയസഹചരേ-
കാശ്യപോ നീലകണ്ഠോ-
നിത്യം ശ്രീമംഗലാഖ്യസ്ഥലമഖിലജനോ-
ദത്തൈശ്വര്യാവബോധഃ
ബ്രഹ്മണ്യാനന്ദധാമപ്രഥിതയതികൃപാ-
പ്രാപ്തതത്ത്വാവബോധഃ
സ്വാധീതശാസ്ത്രകർമ്മീ പ്രഥിതമതിതതോ-
‘തോ’ത്തമഗ്രാമത്തിൽ ൨

വ്യാ—അട്ടഹത്തിലെ ‘തിരുമംഗലം’ എന്ന ഗ്രാമത്തിൽ ‘നീലകണ്ഠൻ’ എന്ന പ്രസിദ്ധനും, ഒരു ദേവന്റെ പദം തന്നെ ആശ്രയമായിട്ടുള്ളവനും, നല്ല ഗുരുവിങ്കൽ നിന്നു ശാസ്ത്രജ്ഞാനം ചെയ്തവനും, ‘ബ്രഹ്മാനന്ദൻ’ എന്ന

ത്തിന്റെ ഗുരുനാഥനെ ഗ്രഹിച്ചവനുമായ കവി, താൻ പഠിച്ചിട്ടുള്ളതിനെ ഉപേക്ഷിപ്പാൻ ആഗ്രഹത്തോടുകൂടി ലോകോപകാരതല്പരനായിട്ട് 'ശില്പിരത്നം' എന്ന ഗ്രന്ഥത്തെ ഉണ്ടാക്കി.

അവ.—പിന്നെയും കവി ചില ദേവന്മാരെ സ്മരിക്കുന്നു.

ശ്രീമൽ'കണ്വപുര'ത്തി'ലമ്പതി'പുര-
ക്രോഢസ്ഥ'ച തൈപുരം
നിത്യം'ലക്ഷ്മണമംഗല'പുരെ
ചാരത്ഗണേശോദയാ
'നാവ'നാഷ്ഠി ച ശക്തിരത്തിതാം
'കല്ലിവിലനേ'ലയ
സംഭൂതതന്ത്രപ്രകാശവിഷയ
ചിത്തേ മമാഹൃതാം. ൧

വ്യാ.—'ശുകപുരത്ത്', 'ഇടപ്പണ്ട്', 'ലക്ഷ്മണമംഗല'പുരത്ത്, അതുപോലെ 'ഗണേശപുരത്ത്', 'തിരുനാവായ' 'കല്ലിപ്പിള്ളി', ഇതിനെയുള്ള ക്ഷേത്രങ്ങളിലെ ദേവന്മാരെല്ലാവരും ഒന്നായിട്ട്, പ്രകാശവിഷയമായ എന്റെ മനസ്സിൽ വസിക്കേണമേ!

അവ. അനന്തരം വിശ്വശില്പിയായ ബ്രഹ്മാവിനെ നമസ്കരിച്ചിട്ട് ശാസ്ത്രത്തെ ആരംഭിക്കുന്നു

നിസർഗ്ഗസംസിദ്ധസമസ്തശില്പം
പ്രവിശ്യ ധാത്രാം ഭുവനം പ്രണമ്യ
മയാ 'മനുഷ്യാലയചന്ദ്രികേ'യം
വിലിഖ്യതേ ദൈവവിദാം ഹിതായ ൨

വ്യാ.—വിശ്വത്തെ സൃഷ്ടിക്ക എന്ന ക്രിയയിങ്കൽ സ്വാതന്ത്ര്യമുള്ളവനും വൈദഗ്ദ്ധ്യത്തോടുകൂടിയവനും ആദ്യനുമായ ബ്രഹ്മാവിനെ നമസ്കരിച്ചിട്ട്, ഞാൻ അല്പബുദ്ധികളുടെ ഹിതത്തിനായിക്കൊണ്ട് 'മനുഷ്യാലയചന്ദ്രിക'യെന്ന ഈ ഗ്രന്ഥം എഴുതപ്പെടുന്നു.

അവ—പ്രസ്തുത ഗ്രന്ഥനിർമ്മാണത്തിൽ, താൻ അവലംബിച്ചിട്ടുള്ള പൂർവ്വാചാര്യന്മാരെ പറയുന്നു

മാർക്കണ്ഡേയനിബന്ധനം, മയമതം,
    മനോവലീം, മാനസാ-
പ്രോക്തം, കാശ്യപ, വിശ്വകർമ്മ, ഗുരുദേ-
    വോക്തം, പ പഞ്ചാശികം
സവ്യാഖ്യം ഹരിസംഹിതാം, വിവരണോ-
    ദ്യം, വാസ്തുവിദ്യാദികം
ദൃഷ്ട്വാ തന്ത്രസമുച്ചയാനുസരണാ-
    ന്മർത്ത്യേ സംക്ഷിപ്യതേ. ൪

വ്യാ—മാർക്കണ്ഡേയനിബന്ധനം, മയമതം, മനോവലി, മാനസാരീയം, കാശ്യപീയം, വിശ്വകർമ്മീയം, ഗുരുദേവപദ്ധതി, പഞ്ചാശികം, വിഷ്ണുസംഹിതാ, അതിന്റെ വ്യാഖ്യാനം, സമുച്ചയത്തിന്റെ വിവരണം, വിമർശിനി എന്ന വ്യാഖ്യാനങ്ങൾ, വാസ്തുവിദ്യ, പ്രയോഗമഞ്ജരി, മനുമതം, പരാശരമതം, കാമാഗമം മുതലായ പൂർവ്വഗ്രന്ഥങ്ങളെ നോക്കീട്ട് തന്ത്രസമുച്ചയത്തെ അനുസരിച്ചു സംക്ഷേപമായിപ്പറയപ്പെടുന്നു

അവ—അവിടെ മുമ്പേ വാസ്തുപരിഗ്രഹാദികളുടെ ക്രമത്തെ പറയുന്നു.

മർത്ത്യാദിപ്രാണിവർഗ്ഗോഷിത മനുവിലയ-
    നോത്സുകേയസ്സുപൂർവ്വം
വിപ്രം തദ്ദേശസംബന്ധിനമഖിലഗുണോ-
    പേതം സംവൃണീത
ഭാസ്യം തദുഷ്ണഭാഗ്യം ഭക്തിമഥപരിക-
    ല്പ്യാത്ര പൂർവ്വാദി കൃത്വാ
പാദസ്ഥാദ്ബ്രാഹ്മണാകതീ ശ്രമമതിനിപുണോ-
    കാളിൽ കരണീയം ൫

വ്യാ—ബ്രാഹ്മണാദി നാലു വർണ്ണങ്ങളുൾവെച്ച് എല്ലാ മനുഷ്യരും ഗൃഹനിർമ്മാണത്തിൽ ഉത്സുകന്മാരാകുമ്പോൾ അ

വൻ ഭൂമിയിൽ അഷ്ടഗന്ധധൂപിതയായി സകലഗുണയുക്ത നായിരിക്കുന്ന തന്ത്രിയെ വരിക്കണം. അതന്ത്രി ഗൃഹസ്ഥ നതിക്ക് ഉചിതമായിരിക്കുന്ന മുഹൂൎത്തം നോക്കി നിശ്ചയി ച്ചിട്ട് അവിടെ ശാസ്ത്രപ്രകാരമുള്ള വാസ്തുപൂജ മുതലായതി നെല്ലാം സമൎത്ഥന്മാരായ ആചാരിമാരെക്കൊണ്ടു പൂജ ചെ യ്യിക്കണം.

അവ.—ലക്ഷണമില്ലാത്ത പറമ്പിൽ പുരയുണ്ടാക്കരു തെന്നു പറയുന്നു.

ലക്ഷണഹീനേ വാസ്തുനി
വസതാമശുഭാനി സംഭവന്ത്യേവ
തസ്മാൽ പരീക്ഷ്യ ശുദ്ധേ
വാസ്തുനി ഗേഹാനി കാരയേദ്വിദ്വാൻ ൧

വ്യാ.—തച്ചുശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള ലക്ഷണങ്ങളി ല്ലാത്ത പറമ്പിൽ പുര പണിയിച്ചു താമസിക്കുന്നവൎക്ക് അ ശുഭങ്ങൾ പലതും ഉണ്ടാകുമെന്നു വിദ്വാന്മാർ പറഞ്ഞി രിക്കുന്നു. അതിനാൽ പരീക്ഷിച്ചിട്ടു ശുഭലക്ഷണങ്ങളുള്ള പ റമ്പിൽ മാത്രമേ പുര പണിയാവൂ.

അവ.—പുര പണിയുന്നതിന്റെ ചുരുക്കമെന്നു പറയുന്നു.

ആദ്യോപാദാനാന്തം
ഭൂസീമ നിശ്ചിത്യ മണ്ഡലം സമ്യക്
കാൎയ്യമഥാരംഭമിദം
കൎത്തവ്യം ഗൃഹിണോ സൂത്രം. ൨

വ്യാ.—പുരയുടെ പണിക്കും ഇടങ്ങി അവസാനത്തോളമുള്ള തെല്ലാമായ കാൎയ്യങ്ങൾ പ്രകാരം മനസ്സുകൊണ്ടു നിരൂപിച്ചു വെച്ചിട്ടു ശുഭലക്ഷണങ്ങളും മറ്റെല്ലാം ഉള്ളതായ ഗൃഹ ത്തെ വിദ്വാന്മാരായ ആചാരിമാരെക്കൊണ്ടു പണിയിച്ചി ക്കണം.

അവ.—ഇനി അതെല്ലാം കാണുകൊണ്ട് ആചാരിമാരെ ഗ്രഹിക്കേണ്ടും പ്രകാരത്തെപ്പറയുന്നു.

കാരുഗ്രാമേ പ്രോക്താ സ്ഥപതിസൂത്ര-
ഗ്രാഹിതക്ഷകവർദ്ധകീകാ
ഗുരവഃ ക്രമേണൈവ ചതുർദ്വിയോഷു
ശില്പപ്രവീണാസ്തു യഥോചിതാസ്യു ൧൪

വ്യാ—കാരുകരിൽ (ആശാരിമാർ) സ്ഥപതി, സൂത്രഗ്രാഹി, തക്ഷകൻ, വർദ്ധകി ഇങ്ങിനെ നാലുപ്രകാരമാകുന്നു. ശില്പകർമ്മങ്ങളിൽ ഉചിതന്മാരായിരിക്കുന്ന ഇവരിൽവെച്ചു മുമ്പിൽ സ്ഥപതിയേയും, പിന്നെ സൂത്രഗ്രാഹിയേയും, പിന്നെ തക്ഷകനേയും, പിന്നെ വർദ്ധകിയേയും ക്രമേണ അതാതു കർമ്മങ്ങൾക്ക് ഉചിതന്മാരായിരിക്കുന്നവരെ ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു.

അഥ—ഇനി രണ്ടു ശ്ലോകംകൊണ്ടു കാരുകളുടെ ലക്ഷണങ്ങളെപ്പറയുന്നു.

സർവ്വശാസ്ത്രനിപുണോ ജിതേന്ദ്രിയഃ
സർവ്വദിഗ്വ്യവഹിതാത്മപ്രതാപവാൻ
കർമ്മശക്ത്യധികലോ വിമത്സരഃ
ധാർമ്മികഃ സ്ഥപതിരസ്തു സത്യവാക് ൧൫

വ്യാ—സ്ഥപതി, എല്ലാശ്ശാസ്ത്രങ്ങളിലും നിപുണനും, ജിതേന്ദ്രിയനും, എല്ലാദ്ദിക്കിലും ഗൃഹനിർമ്മാണത്തിങ്കൽ തന്റെ ഇഷ്ടമുള്ളവനും, പ്രയാസമില്ലാതെ എല്ലാകർമ്മങ്ങളും ചെയ്യുകൊണ്ടിരിക്കുന്നവനും, അംഗവൈകല്യവും, മാത്സര്യവും ഇല്ലാത്തവനും, ധാർമ്മികനും, സത്യം പറയുന്നവനും ആയിരിക്കണം.

ജനീയാൻ സ്ഥാപനാർത്ഥം സ്ഥപതിരഥ ഗുരോഃ
പ്രാപ്തശാസ്ത്രോ ഹി ലബ്ധഃ
സൂത്രഗ്രാഹീ സുതോ വാ സ്ഥപതിമതിഗതി
പ്രേക്ഷകശ്ചാതുരശ്ച

സ്ഥപതീനാം തക്ഷണാന്തങ്ങളിതി കഥിതാ-
ന്യന്തരം ഏഷ്വപീതഃ
ശകുനസ്സൂക്ഷ്മചേഷ്ടോപരിസ്ഥാനുഗുണമപി വിധിവ-
ച്ചേഷ്ടികൃവേശ്മകീ സ്യാൽ ൧൧

വ്യാ—അതുമതകരി തരകെ, കല്ലിടക, കട്ടില, ഉത്തരം മുതലായതു പട്ടുക തുടങ്ങിയുള്ള കർമ്മങ്ങൾക്ക് അധികാരിയായിരിക്കുന്നവൻ സ്ഥപതിയാകുന്നു. പിന്നെ ഇങ്ങനെ ഉള്ളതുകൊണ്ടു സ്ഥപതിയോടു ഏകദേശം സദൃശനായിരിക്കുന്ന പുത്രനോ സ്ഥപതിയുടെ മനസ്സിന്റെ ഗതിയെ നോക്കുന്ന ശിഷ്യനോ ആയിരിക്കണം സൂത്രഗ്രാഹി. (സൂത്രഗ്രാഹി=സ്ഥപതി ചരടു പിടിക്കുമ്പോൾ അതിന്റെ മറ്റേതല പിടിക്കുന്നവൻ). സ്ഥൂലങ്ങളായിരിക്കുന്ന കല്ലു, മരം ഇവയെ വെട്ടി ശരിപ്പെടുത്തി ചെത്തി ശരിയാക്കുന്നവനെ തക്ഷകൻ എന്നു പറയുന്നു. ചെത്തിത്തീർന്നവയെ മേലേ മേലേ ചേർത്തു യോജിപ്പിക്കുന്നവൻ വർദ്ധകിയാകുന്നു. ഇവർ എല്ലാവരും സന്തുഷ്ടചിത്തരും ശകുനജ്ഞരുമായിരിക്കണം.

അവ—ഗൃഹനിർമ്മാണത്തിൽ ആശാരിമാരുടെ പ്രാധാന്യത്തെപ്പറയുന്നു.

വിനാ സ്ഥപത്യാദിചതുഷ്ടയേന
ഗൃഹാദികർത്തും ന ച ശക്യതേ യൽ
പ്രസാദിതൈസ്തൈരതഏവ വിപ്രൈ-
സ്സന്തുഷ്ടധീഃ കാരയതാം ഗൃഹാണി. ൧൨

വ്യാ—സ്ഥപത്യാദിചതുഷ്ടയം കൂടാതെ ഗൃഹാദികളുണ്ടാക്കുവാൻ കഴിയുന്നതല്ലല്ലോ. അതുകൊണ്ടു അവരെ പ്രസാദിപ്പിച്ചു അവരെക്കൊണ്ടു അതിസന്തുഷ്ടബുദ്ധിയായിരിക്കുന്ന ബ്രാഹ്മണശ്രേഷ്ഠൻ ഗൃഹാദികളെ ഉണ്ടാക്കിക്കണം.

അവ—ഇനി ഗൃഹനിർമ്മാണത്തിനാരംഭിക്കുമ്പോൾ ചെയ്യേണ്ടുന്ന പ്രവൃത്തികളെ യഥാക്രമം പറയുന്നു.

അത്ര ക്രമേണ ബഹുധാ ധരണീപരീക്ഷാ-
ഭിത്തിനിർണ്ണയവിശുദ്ധിബലിപരിഗ്രഹശ്ച
ധാമ്നാം പ്രമാണവിധിരങ്കണകൂട്ടിമാദി-
ന്യാസാനി ബാഹ്യവിധയശ്ച തഥാ വിധേയാഃ

വ്യാ—ഇവിടെ ക്രമത്താലെ പലപ്രകാരത്തിലുള്ള ഭൂപരീക്ഷ, ഭിത്തികൾ തിരിച്ചറിഞ്ഞ് ശോധിക്കുക മുതലായവ, ബലിപരിഗ്രഹം, പുരകളുടെ കണക്കൊപ്പിക്കുക, അങ്കണം, അധിഷ്ഠാനം കാലുകൾ, ഇടയിലുള്ള അംശങ്ങളെ കല്പിക്കുക, ഗൃഹത്തിന്റെ പുറമെയുള്ള ഉപഗൃഹങ്ങൾ, കിണറ്, കുളം, ഗോശാല, പടിപ്പുര മുതലായവയുടെ സ്ഥാനങ്ങളും കണക്കുകളും നിശ്ചയിക്കുക ഇത്യാദികളെല്ലാം ചെയ്യേണ്ടതാകുന്നു

അഥ—ഇനിയത്തെ ശ്ലോകംകൊണ്ട് ഭൂമിയുടെ ലക്ഷണങ്ങളെ പറയുന്നു.

ഗോമർത്ത്യാ ഫലപുഷ്പദുഗ്ദ്ധതരുഭി-
ര്യാവ്യാ സമാ പ്രാക്പ്ലവാ
സ്നിഗ്ദ്ധാ ധീരരവാ പ്രദക്ഷിണജലോ-
പേതാ മൃദുർബീജരുഹാ
സംസൃഷ്ടാ ബഹുപാംസുരക്ഷയജലാ
തുല്യാ ച ശീതോഷ്ണയോഃ
ശ്രേഷ്ഠാ ഭൂരധമാ സമുക്തവിപരീ-
താ മിശ്രിതാ മധ്യമാ ൧൪

വ്യാ—പശുക്കളും മനുഷ്യരും കായ്കളും പുഷ്പങ്ങളുള്ള മരങ്ങളും വളരുന്നതായുള്ളതും, കുന്നും കുഴിയുമില്ലാതെ സമനിരപ്പായിട്ടുള്ളതും, കിഴക്കുഭാഗം താണതും, മിനുമിനുപ്പുള്ളതും, ചവിട്ടിയാൽ ഗംഭീരമായ ശബ്ദമുള്ളതും, വലത്തുകൂടി വെള്ളം ഒഴുകുന്നതും, വിത്തുകൾ വിതച്ചാൽ വേഗത്തിൽ മുളയ്ക്കുന്നതും, കോടേത്ത് ഒരു കുഴികുഴിച്ച് ആ മണ്ണുകൊണ്ടുതന്നെ കുഴി മൂടിയാൽ മണ്ണ് ശേഷിക്കുന്നതും, വേനൽക്കാലത്തു

കവുങ്ങു വരകളും, വക്ത്രത്തിലും ഘോണയിലും സുഷിരങ്ങ
ളും ഉള്ള പശുവു ശുഭങ്ങളെക്കൊടുക്കുന്നതാകുന്നു. ഇ
പ്പറഞ്ഞ ലക്ഷണങ്ങൾക്കു വിപരീതമായിട്ടുള്ള രീതി കൊള്ളരുതാ
ത്തതാകുന്നു. ലക്ഷണങ്ങളും ദോഷങ്ങളും മിശ്രമായിട്ടുള്ളതു മ
ദ്ധ്യമമാകുന്നു. ഇങ്ങനെ ഉത്തമാധമമദ്ധ്യമങ്ങളെ അറിഞ്ഞു
കൊൾക.

അവ—ഇനി തീരെ വർജ്യമായ പശുവിന്റെ ലക്ഷണ
ങ്ങളെ പറയുന്നു

വൃത്താക്ഷ്യശ്രനിമ്നത്രികപലമാംസകോ-
ണാ ഇവ ഖുരപ്രാകൃതി-
സ്ത്ര്യശ്രാനകപൃഷ്ഠപൃഷ്ഠകപില-
ശ്മശ്രുപുച്ഛ മലിനി
ന്യൂനാംഗാ തനുമാംസപിണ്ഡശപിതി വ-
ലീകദിദിസ്സൃഷ്ടാ
വർജ്ജ്യാ ശ്യാമതാ സശമകവരാ
വിരൂപാ വിരികസ്വരാപി ച ൧൩

വ്യാ—വൃത്താകൃതിയായും, അശ്വപ്രാകൃതിയായും, ത്രി
കോണാകൃതിയായും കോണുകളുള്ളതായും, ഖുരം, കൈ
മുട്ടു ഇവയുടെ ആകൃതിയില്ലുള്ളതായും, ത്ര്യശ്രം, അംഗം,
അര ഇവയുടെ പുറം പോലെയും, പശുവിന്റെ മുഖം പോ
ലെയും ഇരിക്കുന്നതായും, കിളുപ്പുറമാകിയാൽ വെണ്മയും, ക
റുപ്പും, ഉമി, ഏല്പ്, തലമുടി എന്നിവ കാണുന്നതായും, ര
ക്തവർണ്ണ സമ്പൂർണ്ണ സ്ഥലമായും, വളരെ പുറങ്ങളുള്ള
തായും, നടക്കാതെ ഇരിക്കുന്നതായും, അന്തർഭാഗ
ത്തിൽ പാതാളമുള്ളതായും, മുന്നിൽ ഭിന്നസ്വരമുള്ളതായും,
കറങ്ങാതെ ഇരിക്കുന്നതായും ഉള്ള പശുക്കൾ
ശുഭങ്ങളെക്കൊടുക്കുന്നതല്ല

അവ—ഇനി ഗ്രാമനഗരാദിക്രമം അനുസരിച്ചു
വിശേഷലക്ഷണങ്ങളെ രണ്ടു ശ്ലോകംകൊണ്ടു പറയുന്നു.

വിപ്രാദീനാം കുശശരവണദൂ-
ർവ്വാകാശേക്ഷുകാന്താ ഭുവഃ
ശുക്ലാരക്താപീതാസിതാശ്ച ക്രമാൽ-
ഘൃതാസൃഗന്നമദ്യഗന്ധാ അപി
മധുരാമ്ലകടുതിക്തകഷായാ-
ശ്ചാതുർവ്വർണ്യാനുഗാഃ
സൗരഭ്യോദ്വേഗകഷായതിക്തകടുകാ
സ്വാദേനചിന്ത്യാ സ്ഫുടം

എന്ന

വ്യം — ദർഭ കശയുള്ളതും, നിരപ്പും വിതിയും സമമ ചിട്ടയുള്ളതും, മണ്ണിന വെളുപ്പു നിറമുള്ളതും, നെയ്യിന്റെ ഗന്ധമുള്ളതും, മധുരസമുള്ളതും, ആയ ഭൂമി ബ്രാഹ്മണന്ന് ശ്രേഷ്ഠമാകുന്നു. അമ്പുള്ളതും, വിതിയിൽ ഏറ്റമാകുന്ന നിലം ഏറിയതും, മണ്ണിന ചുവപ്പുനിറവും, ചോരയുടെ ഗന്ധവും, ചവർപ്പുരസവുമുള്ളതുമായ ഭൂമി ക്ഷത്രിയന്ന് നല്ലതാകുന്നു. പുല്ലുകൾ ഏറ്റവും ദർഭ കറുകയുള്ളതും, വിതിയിൽ നടുവാകുന്ന നിലം ഏറിയതും, മണ്ണിന മഞ്ഞനിറവും, ചോറിന്റെ ഗന്ധവും, കയ്പുരസമുള്ളതും ആയ ഭൂമി വൈശ്യന്നു ചേർത്തവൻ നല്ലതാകുന്നു. ആറുവരെ ദർഭ കയ്യുള്ളതും, വിതിയിൽ നടുവാകുന്ന നിലം ഏറിയതും, മണ്ണ് കറുത്ത നിറത്തോടും, മദ്യത്തിന്റെ ഗന്ധത്തോടും, എരിവുരസത്തോടും, കൂടിയിരിക്കുന്നതുമായ ഭൂമി ശൂദ്രന്ന് ശൂദ്രവർണ്ണമായവൻ നല്ലതാകുന്നു. ഇവിടെ വിധിച്ചിരിക്കുന്ന നിലം തെരഞ്ഞെടുക്കുന്ന വേണ്ടത് ഏറ്റവും ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ പൂർവ്വശാസ്ത്രങ്ങളിൽ വിധിച്ചിട്ടുണ്ട്.

ഇനി സംകീർണ്ണലക്ഷണങ്ങളുള്ള ഭൂമികൾ ആർക്കും കൊള്ളരുതെന്നും, സംകീർണ്ണലക്ഷണങ്ങളായവയെ ചരി ക്കേണ്ടിയതാണെന്നും പറയുന്നു.

സങ്കീർണ്ണരൂപാ വസുധാത്ര പരിത്യാ-
ജ്യൈവ സർവ്വൈഃ ശോഭാവർണ്ണനീയാ

ഏനാമനാലക്ഷിതവസ്തുചിഹ്നാം
നക്തം പരീക്ഷേത നിമിത്തതശ്ച. ൧൭

വ്യാ—വിപ്രാദിവർണ്ണങ്ങളിൽ ഒരു ജാതിയുടെ രൂപം, മറ്റൊരു ജാതിയുടെ നിറം, വേറെ ഒരു ജാതിയുടെ ഗന്ധം, അന്യജാതിയുടെ രസം എന്നിങ്ങിനെ പല ജാതിയുടെയും ലക്ഷണങ്ങൾ മിശ്രമായിട്ടുള്ള ഭൂമി ത്യാജ്യം കൊള്ളരുത്. എന്നാൽ ഓരോ ജാതിക്ക് വിധിച്ചിട്ടുള്ള രൂപവർണ്ണഗന്ധരസാദിലക്ഷണങ്ങളെല്ലാം സ്പഷ്ടമായിട്ടറിവാൻ തരമില്ലാത്ത ഭൂമിയെ രാത്രിയിൽ പരീക്ഷചെയ്തിട്ടും, ശകുനാദികളായ നിമിത്തങ്ങളെ നോക്കീട്ടും അറിയേണ്ടതാകുന്നു. ആയതിൽ സ്ഥപതിയുടെ ലക്ഷണം പറഞ്ഞതിൽ, "സർവ്വശാസ്ത്രനിപുണോ ജിതേന്ദ്രിയസ്സൽഗുരു വ്യവഹാരതത്ത്വപ്രമാണവാൻ" എന്നു പറഞ്ഞിട്ടുള്ളത് ഇങ്ങനെ പരീക്ഷിപ്പാനും, നിമിത്താദികളെ അറിവാനും സ്ഥപതി യോഗ്യനായിരിക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാകുന്നു.

അവ—ഇനി ഒന്നു ശ്ലോകംകൊണ്ടു പരീക്ഷിക്കേണ്ട പ്രകാരത്തെ പറയുന്നു. അവിടെ ഒന്നാമതായി ദീപപരീക്ഷയെ പറയുന്നു.

ക്ഷ്മാം ഖാതപ്രായമധ്യേ നിധായ ദ്രോണം
ന്യൂനം മധ്യമനം മുദ
കുംഭം സംസ്ഥാപ്യ ഘൃതം ദീപസ്യ സിതം
തദുപരി ക്രമ്യേണ ദീപാഃ
വിപ്രാദിക്രമതഃ പ്രദീപ്യ വിധിവ-
ന്നീതേ മുഹൂർത്തേ ജ്വല-
ച്ഛത്വിജ്ഞസ്യ ദീപസ്യ തസ്യ സകല-
സ്വാമിത്വം സമുചിതം. ൧൮

വ്യാ—പരീക്ഷിപ്പാൻ നിശ്ചയിച്ചിരിക്കുന്ന ഭൂമിയുടെ മദ്ധ്യത്തിൽ ഒരു കോൽ താഴ്ചയിൽ അത്രയും ചതുരത്തിൽ ഒരു കുഴി കുഴിച്ച് അതിന്റെ അടി സമനിരപ്പാക്കി മെഴുകിശ്ശുദ്ധി

വരഞ്ഞി പത്മമിട്ടു ഗന്ധപുഷ്പാക്ഷതാദികളെക്കൊണ്ടലങ്കരിച്ച് അതിന്റെ നടുവിൽ നെല്ലുനിറച്ച ഒരു പൂർണ്ണകലശം വച്ച് അതിന്മേൽ ഒരു ചട്ടി (ചരാള) വച്ച് അതിൽ വെള്ളം ഒഴിച്ച് അതിൽ കിഴക്കേദിക്കിൽ വെളുത്ത നൂൽകൊണ്ടും, തെക്ക ചുവന്ന നൂൽകൊണ്ടും, പടിഞ്ഞാറ മഞ്ഞനൂൽകൊണ്ടും, വടക്ക കറുപ്പുനൂൽകൊണ്ടും, ഓരോ തിരിയിട്ടുക പിന്നെ അതിന്റെ കിഴക്ക തുടങ്ങി ബ്രാഹ്മണാദിവർണ്ണങ്ങളെ ക്രമത്താലെ സങ്കല്പിച്ച വിധിപ്രകാരം പൂജിച്ച കൊളുത്തി ആ തിരിയെ കത്തിച്ച് ഒരു മുഹൂർത്തകാലം (രണ്ടു നാഴിക) പ്രാർത്ഥിച്ച പാർത്തിരുന്നിട്ടു ഇതിനെ നോക്കുക. അപ്പോൾ കളുടെ തിരി ഏതൊന്നു ആ ജാതിക്ക് ആ ഭൂമി നല്ലതാകുന്നു എല്ലാതിരിയും കത്തുന്നെങ്കിൽ എല്ലാവർണ്ണം കൊള്ളാം എല്ലാം കെട്ടുപോയിങ്കിൽ ആകെ കൊള്ളരുത്

അഥ — ഇനി ജലപരീക്ഷയെ പറയുന്നു.

ഗർത്തേ ജലപൂരിതേത്ര വിധിവൽ
    ദ്രോണാദിപുഷ്പം ക്ഷിപേൽ
ശസ്തം തസ്യ ഗതിഃ പ്രദക്ഷിണതയാ
    കുർവ്വന്ന ശസ്യന്യഥാ
പുഷ്പേ ദിക്ഷുച സംസ്ഥിതേ സതി ശുഭം
    കോണേഷു ചേന്നിന്ദിതം
ഏവം ഭ്യാദി ശുദ്ധിരന്യദപി സദ്
    കത്തുൽ ക്ഷമാം സൂക്ഷ്മധീഃ ൧൦

വ്യാ — പൂർവ്വശ്ലോകത്തിൽ പറഞ്ഞപോലെ പറമ്പിന്റെ മദ്ധ്യത്തിൽ ഒരു കുഴി കുഴിച്ച് അതിൽ വെള്ളം നിറച്ച തുമ്പ തുളസി മുതലായ പുഷ്പങ്ങളെ വെള്ളത്തിൽ ഇടുക എന്നാൽ ആ പുഷ്പങ്ങളുടെ ഗതി പ്രദക്ഷിണമായിട്ടാണെങ്കിൽ ശുഭകരമാവിന്ന ശുഭമാകുന്നു അപ്രദക്ഷിണമായിട്ടാണെങ്കിൽ അശുഭമാകുന്നു പുഷ്പം ദിക്കുകളിൽ ചെന്നു നിന്നാൽ ശുഭവും കോണുകളിൽ നിന്നാൽ അശുഭവുമാകുന്നു ഇതി

ന്നെ തുടങ്ങിയുള്ള ക്രിയാക്രമങ്ങളെ അറിഞ്ഞിട്ട് പിന്നെ കഴിയുന്നതിനെ നിരൂപിക്കേണം. ഇവിടെ "ഇത്യാദി ക്രിയകളെ നിർണ്ണയം" എന്നു പറഞ്ഞിരിക്കുന്നതിലെ ആദിശബ്ദംകൊണ്ടും, പരീക്ഷ ചെയ്യുന്ന സ്ഥപതിയുടെ വിശേഷണമായ "സൂക്ഷ്മധീഃ" എന്ന പദംകൊണ്ടും, ജ്യോതിശ്ശാസ്ത്രപ്രകാരം ആ ഭൂമിയുടെ [illegible] അതിൽ തല്ക്കാലത്തെ ഗ്രഹസ്ഥിതി നിർണ്ണയിക്കുകയും, പ്രശ്നത്തിൽ സ്ഥാനസ്ഥിതികൊണ്ട് ആശ്രയം നിർണ്ണയിക്കുന്നതുപോലെ പൃഷ്ഠസ്ഥിതികൊണ്ട് ആശ്രയം കല്പിക്കുകയും, വൃക്ഷവിന്യാസം ചെയ്യുന്ന സമയത്തുണ്ടാകുന്ന ശകുനാദിനിമിത്തങ്ങളെയും ദീപം, ശരം മുതലായവയെയും സൂക്ഷിച്ചറിയുകയും ചെയ്തിട്ട് [illegible] ഗ്രഹങ്ങളെക്കൊണ്ട് [illegible] ഫലങ്ങളെ അറിഞ്ഞുകൊള്ളണമെന്നുകൂടി ശാസ്ത്രകാരൻ വിവക്ഷിച്ചിട്ടുണ്ടെന്നു ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു.

അവ — ഇങ്ങനെ പരീക്ഷ ചെയ്തു ഭൂപരിഗ്രഹം കഴിഞ്ഞാൽ പിന്നെ ഗ്രാമം പണിചെയ്യാനുള്ള സ്ഥലത്തെ സമനിരപ്പാക്കുകയും, ശങ്കു നാട്ടി ദിക്കുകളിൽ ദിക്ക് നിർണ്ണയം ചെയ്യുകയും ചെയ്യാനുള്ള വിധിയെപ്പറയുന്നു.

അത്രാനുവൃത്തമഖിലാ ച നിപുണോ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] ൬

വ്യാ — വിശേഷജ്ഞനായവൻ ആദ്യമായി (സമമായി) മുതലായ [illegible] വെള്ളം നിറുത്തിയും [illegible] സമനിരപ്പാക്കിച്ചുകൊണ്ടും പിന്നെ [illegible]



അവനതഴ്റ്റും

സമനകാൻ.,

കൊണ്ടോ അതാതുകാലത്തുകൊണ്ടോ പന്ത്രണ്ടംഗുലം നീളമു ള്ളതായി വരുത്തിയതായ ഉരുണ്ട രണ്ടംഗുലം ചുവട്ടിലും കാലംഗുലം അറ്റത്തിലും വിസ്താരമായി അറ്റം തമരക്കൊട്ടപോലെ കൂ ർപ്പിക്കണം ഒരു ശങ്കുവിനെ ഉണ്ടാക്കി സമനിലത്തിൽ നാട്ടണം. (ശങ്കുകരണം)

അവ്വണ്ണമുള്ള നാട്ടിയ ശങ്കുവിനെക്കൊണ്ടു ദിക്കറി യുന്നതിനുള്ള മാർഗ്ഗത്തെപ്പറയുന്നു

ശങ്കുച്ഛായാഗ്രതോ നിജരശ്മിതാ-
വ്യാസാർദ്ധവൃത്തസ്യ തു-
പൂർവ്വാഹ്നേ പ്രവേശചിഹ്നം
ബിന്ദു തു പശ്ചാൽ
പ്രത്യഗ് ബിന്ദുമപരാഹ്ണേ ച
പൂർവ്വബിന്ദുഃ
പ്രാഗപരാ ഭവേൽ സമാ-
ദിഗ്ദ്വയം ഭവേൽ സ്ഫുടം ൨൧

വ്യാ— ശങ്കുവിന്റെ നീളത്തിലിരട്ടി വ്യാസാർദ്ധമായുള്ള ഒരു വൃത്തമദ്ധ്യത്തിൽ ശങ്കു വെക്കണം; ഒരു വൃത്തം വര ച്ചു കഴിഞ്ഞ ശേഷം ശങ്കുവിന്റെ നിഴൽ പടിഞ്ഞാറെ വൃത്തനേമിയിൽ തട്ടുന്നേടത്ത് ഒരു അടയാളം ചെയ്ക. അ തുപോലെ തന്നെ ഉച്ചതിരിഞ്ഞ് ആ നിഴൽ കിഴക്കോട്ടു നീ ങ്ങി ചെന്നു വൃത്തത്തിന്റെ കിഴക്കേ നേമിയിൽ തട്ടുന്നേട ത്തും ഒരു അടയാളമിട്ടു എന്നാൽ ഈ രണ്ട് അടയാളങ്ങ ളും ഏകദേശം കിഴക്കും പടിഞ്ഞാറും ഉള്ളവയായിരിക്കും. ഇ നി സൂക്ഷ്മം വരുത്തുവാൻ പിറ്റേ ദിവസം കാലത്തും പടിഞ്ഞാ റെ വൃത്തനേമിയിൽ നിഴൽ തട്ടുന്നേടത്ത് അടയാളം ചെയ്ക. എന്നിട്ട് തലേനാളെ കഴിച്ചതും പിറ്റേന്നാളെ കഴിച്ചതുമായ ര ണ്ട് അടയാളങ്ങളുടെ ഇട ഭാഗിച്ചു തലേനാളെ കൊണ്ട അ ടയാളത്തെ പകുതി നീക്കി അവിടെയും ഒരടയാളമിട്ട് എ ന്നാൽ ആ അടയാളവും തലേനാളെ കിഴക്കേ വൃത്തനേമിയിൽ

ഇട്ടിരിക്കുന്ന അടയാളവും സൂക്ഷ്മമായ കിഴക്കു പടിഞ്ഞാറും ആയിരിക്കും. അതിനാൽ അവ രണ്ടിലും തട്ടുമാറു കിഴക്കുപടിഞ്ഞാറായി ഒരു രേഖ നീട്ടിവരച്ചാൽ അതു പൂർവ്വാപരരേഖയായി ഭവിക്കും.

ഇങ്ങനെ ശങ്കുവിന്റെ നിഴലിനു വരുന്ന മാറ്റത്തിന് ഒരു നിയമമുണ്ട്. ഉത്തരായണത്തിൽ സൂര്യൻ ദിവസംപ്രതി വടക്കോട്ടു നീങ്ങുന്നതിനാൽ നിഴലിന്റെ അഗ്രവും തലേനാളത്തേതിനേക്കാൾ പിറ്റേനാളത്തേത് അല്പം തെക്കോട്ടു നീങ്ങിയിരിക്കും. ദക്ഷിണായനത്തിൽ അതുപോലെ വടക്കോട്ടും മാറിയും. അതിനാൽ തലേനാളും പിറ്റേനാളും ഉള്ള ഛായാഗ്രാന്തരത്തിൽ വ്യത്യാസാംശം നീക്കേണ്ടു, ദക്ഷിണായനത്തിൽ തലേനാളത്തെ അടയാളത്തിൽനിന്നു വടക്കോട്ടും, ഉത്തരായണത്തിൽ തെക്കോട്ടും ആയിരിക്കണം.

ഇനി തലേനാളത്തെയും പിറ്റേനാളത്തെയും 'ഛായാഗ്രങ്ങളുടെ അന്തരത്തിൽ മൂന്നാമത് നീക്കുവാൻ പറഞ്ഞിട്ടുള്ളതിനെ ശ്ലോകത്തിൽ ഇപ്പോൾ വൃത്തമദ്ധ്യത്തിൽ നിൽക്കുന്ന ശങ്കുവിന്റെ നിഴൽ ഉത്തരഭാഗത്തിലും വൃത്തത്തിന്റെ വ്യാസം ഒരു കോലമാണല്ലോ. അപ്പോൾ ശങ്കുവിന്റെ മാത്ര, ശങ്കുവിൽ ഇരട്ടി നീളമുള്ളപ്പോൾ മാത്രമേ അതിന്റെ അഗ്രം വൃത്തനേമിയിൽ തട്ടുകയുള്ളു എന്നു സിദ്ധമാണ്. ഒരു വസ്തുവിന്റെ നിഴലിന് ആ വസ്തുവിൽ ഇരട്ടി നീളമുണ്ടാകുന്നതു ദിക്കുകളെങ്ങിലും നാലഞ്ചുനാഴിക പുലർന്നപ്പോഴും നാലഞ്ചുനാഴികപ്പകലേയും ആയിരിക്കും. അതിനാൽ കാലത്തും വൈകുന്നേരവും ശങ്കുച്ഛായാഗ്രം വൃത്തനേമിയിൽ തട്ടുന്ന സമയങ്ങൾ തമ്മിൽ ഏതാണ്ട് ഇരുപത്തഞ്ചുനാഴികയുടെ അന്തരമുണ്ടല്ലോ. അതുകൊണ്ട് ഉത്തരായണത്തിൽ കാലത്തെത്തെ സൂര്യന്റെ ക്രാന്തി ഉച്ചതിരിഞ്ഞ് കണ്ടാൽ അതിൽ കുറഞ്ഞിരിക്കയാണ് ഒരു ദിവസത്തിന്റെ ഇരുപത്തഞ്ചു ഇരുപത്


ശങ്കുസ്ഥാപനം
ദിങ്നിർണ്ണയം

നാഴികകളോളം വ്യത്യാസമെന്നും കണ്ടാൽക്കഴിയും. ഇങ്ങ
നെ യുക്തികൊണ്ടു കണക്കാക്കീട്ടുള്ള കുറ്റിലോടു മാറ്റു
വാൻ പറഞ്ഞിട്ടുള്ളതായറിഞ്ഞുകൊൾക.

അവ—ഇങ്ങനെ കിഴക്കുപടിഞ്ഞാറു സൂക്ഷ്മമാക്കീട്ട് ഇ
നി തെക്കുവടക്കുകളാക്കുവാൻ പറയുന്നു.

പ്രാഗഗ്രവ്യാസാർദ്ധികല്പ്യ, സൂത്രം
സൂത്രാഗ്രേ വൃത്തമിഷ്ടാഗ്രയോഗചാതം
മത്സ്യം ച, തിസ്രൾ പടികല്പ്യ കസ്രാൽ
സൂത്രം യാമോദഗായതം കാര്യ്യ ൨൨

വ്യാ—ഇങ്ങനെ കിഴക്കുപടിഞ്ഞാറാക്കിയ സൂത്
ത്തെ മദ്ധ്യമാക്കി [illegible] പ്രവേശിപ്പിച്ചിരിക്കുന്നവ
ണ്ണം രണ്ടു വൃത്തങ്ങളുണ്ടാക്കണം. എന്നാൽ നടുവിൽ മ
ത്സ്യാകൃതിയായ ഒരു അടയാളമുണ്ടാകും. ആ മത്സ്യത്തിന്റെ
നടുവെ നീളത്തിൽ ഒരു വര വരച്ചാൽ അതു തെക്കുവട
ക്കു സൂക്ഷ്മമായിരിക്കും.

അവ—ഇനി ബ്രഹ്മസൂത്രങ്ങളെ ഉണ്ടാക്കുവാനും
പിന്നെ അവയെക്കൊണ്ടു പദവിന്യാസം [illegible]
ത്തിൽ പ്രകാരം പറയുന്നു

സൂത്രം പൂർവ്വാപരാശാവിഹിതമപിതം
ബ്രഹ്മസൂത്രം യമാഖ്യം
യാമ്യോദഗ്ഗാമി മദ്ധ്യന്തിമയമിതശല
ഖണ്ഡിതേ സ്യാച്ഛ ഋജുയോ
സർവ്വേഷാമീശഖണ്ഡം ഭ്രമിതി യന്നസ്ഥം
ഖണ്ഡം, മാർഗ്ഗയാമ്യം
ദിവ്യാദ്യം നൈരൃതാംശം ധ്വജകമപി ച പ്രാഗ്
കല്പയേന്നാഭ്യംശം. ൨൩

വ്യാ—പറമ്പിന്റെ നടുവെ കിഴക്കുപടിഞ്ഞാറുള്ള സൂ
ത്രം ബ്രഹ്മസൂത്രമാകുന്നു. തെക്കുവടക്കുള്ള യമസൂത്രം ഇ
ങ്ങനെ രണ്ടു സൂത്രങ്ങളെക്കൊണ്ടു [illegible]

ന്നൽ തെക്കതിൽ ഈശകോണിലെ പദവും പൃഥ്വീധരം മുതലായവരാൽ ശൂന്യമാകുന്നു. ആ പദത്തെ ലയിപ്പിക്കേ. ഇതിനു ശൈഷ്യപദമെന്നു പേർ നിരൃതികോണിലെ പദത്തിനു ദേവപദമെന്നു പേർ ഇതും ശൂന്യമാക്കേണ്ടതാണ്.

ആഗ്നേയം സ്യാത്ത്വമാദ്യം ശ്രുതിരുചിരിലയ-
  ത്ര്യം അംശമപ്യാന്ദ്യകം സ്യാ-
ദായാമ്യം ചാപിഭാഗേ പരമിഹ നിരൃതി-
  ശൈവയോരസ്തു പദം
വിസ്തീർണ്ണം ചൈകാനിലേ പുനരപി ച വിഭ
  ജ്യേശപദം മന്ത്രമമ പദ-
പ്രൈശാന്യാൻ ഗ്രാഹ്യമഖിലം ശ്രേയകരണേഷ്വിദമേ
  ശേഷമന്നം ഉന്യമർമ്മേ. ൧൪

വ്യാ—അഗ്നികോണിലെ പദത്തിനു ശര്യപദമെന്നു പേർ. അതു മൂന്നാമത്തെ ഉത്തരത്തിലാകുന്നു. വായുകോണിലെ പദത്തിന് അന്ത്യപദമെന്നു പേർ. അതു ഒരുപാദം ചിലടത്തു കൊള്ളാം. പിന്നെ പദങ്ങളുടെ വിസ്താരം അധികമുള്ളതു വകയിൽ ഓരോ പദത്തെയും പിന്നെയും നാലാക്കി പകുത്ത് ഈശപദത്തിലെ നിരൃതിപദവും, നിരൃതിപദത്തിലെ ഈശപദവും വിപ്രാദികൾക്കു ശൂന്യമാക്കേണ്ടതില്ലാകുന്നു

അവ—ഇനി ക്ഷേത്രങ്ങളെ പറയുന്നു.

വിപ്രാദികൾക്കിതുമതം ശൈവശേഷപദ-
മായാമമധ്യമമുഖങ്ങളിലെ ഇ
ക്ഷത്രിയാദി നിരൃതിപദങ്ങളിലു
ടെ വൈശ്യശൂദ്രരുടെ ശൂന്യം ഇതി ശൂദ്ര ൧൫

വ്യാ—ക്ഷത്രിയാദികൾക്കു വിധിച്ചിട്ടുള്ള ശൂന്യമായ പദം തന്നെ വടക്കേ ഭാഗങ്ങളിൽ ശരാശരി കൂടാതെ തന്നെ മാത്രമല്ലാതെ ദിക്കിൽ നിരൃതികോണ



വംശകല്പനം
ബ്രഹ്മസൂത്രം
മനുഷ്യ
വംശം
യമ
വംശം
വടക്ക്
അസുര
വംശം
ദേവ
വംശം
രജ്ജുസൂത്രം
കർണ്ണസൂത്രം
പടിഞ്ഞാറ്

വാസ്തുകോണം മൂലമായിട്ടു ഈശകോണം അഗ്നികോണം അഗ്രമായിട്ടു കർണ്ണമജ്ജമായി രണ്ടു സൂത്രങ്ങളുണ്ടല്ലോ. അവയെ മദ്ധ്യസൂത്രങ്ങളെന്നു പറയും

ഇവ — സൂത്രവേധംകൊണ്ടുള്ള ദോഷങ്ങളെ പറയുന്നു.

ക്ഷേത്രേഷു ക്വാപി ഗൃഹാങ്കണമപി ച കൃതാ-
ന്തത്ര സൂത്രവേധാൽ
കിഞ്ചിന്നീചം സഹസ്രാംശുപി ച ഭവനകൃതു-
ച്ചം കൃതം ച്യേത ച
ഈശാഗ്നേ ദ്രവ്യനാശഃ പതിവിരഹമഥാ
കർമ്മശത്രുപ്രപീഡഃ
പുത്രാദ്യാസ്തവിനാശം കലഹമഥ
മദ്ധ്യസൂത്രപ്രവേധേ വന്നു

പ്പം — ക്ഷേത്രത്തിലോ ഗൃഹത്തിലോ പറമ്പിന്റെ മദ്ധ്യത്തിൽ വരുന്ന മദ്ധ്യസൂത്രങ്ങളുടെ യോഗത്തിൽനിന്ന് കുറഞ്ഞൊന്നു ഗൃഹത്തിന്റെ അല്പം നീക്കിയിട്ടു നാലുകെട്ടും പണിചെയ്യപ്പെട്ടതായി കാണണം. പിന്നെ സൂത്രങ്ങളുടെ വേധംകൊണ്ടുള്ള ദോഷങ്ങൾ:— ഈശകോണിലെ മദ്ധ്യവിദിക്പാദ സൂത്രംകൊണ്ടു വേധം ഉണ്ടായാൽ ദ്രവ്യനാശവും, കിഴക്കേദിക്കിലെ സൂത്രവേധംകൊണ്ടു ഭർത്തൃവിരഹവും അഗ്നികോണിലെ മദ്ധ്യവേധംകൊണ്ടു കർമ്മനാശവും തെക്കേ ദിക്കിലെ സൂത്രവേധംകൊണ്ടു ശത്രുപീഡയും, നിരൃതികോണിലെ മദ്ധ്യവേധംകൊണ്ടു പുത്രനാശവും പടിഞ്ഞാറെ സൂത്രവേധംകൊണ്ട് അർത്ഥനാശവും, വായുകോണിലെ മദ്ധ്യവേധംകൊണ്ടു വാഹനനാശവും, വടക്കെ സൂത്രവേധംകൊണ്ടു കലഹാദിയും സംഭവിക്കുന്നതാകുന്നു

ഇവ — ഇനിമേലെ ശ്ലോകംകൊണ്ടു സൂത്രങ്ങളുടെ വർണ്ണത്തെപ്പറയുന്നു

അഷ്ടാംഗുലീപങ്ക്തിപദൈഃ ക്രമേണ
ക്ഷേത്രേ കൃതൈസ്ത്രൈകപദസ്യ ഭാഗൈഃ
ഗൃഹാങ്കനാഗപ്രമിതൈസ്തു വിദ്യാൽ
സൂത്രസ്യ ഭേദാംശ്ച ഇതിപ്രമാണം ൧൭

വ്യാ— ഭൂമിയിലെ അറുപത്തിനാലോ എൺപത്തൊന്നോ ഒരുനൂറോ എത്രയെങ്കിലും ഒരുപ്രകാരത്തിലുള്ള പദങ്ങളെ കല്പിച്ചാൽ, അറുപത്തിനാലാണെങ്കിൽ ഒരു പദത്തിന്റെ പതിനാറാലൊന്നുകൊണ്ടും, എൺപത്തൊന്നാണെങ്കിൽ ഒരു പദത്തിന്റെ പന്ത്രണ്ടാലൊന്നുകൊണ്ടും, ഒരുനൂറാണെങ്കിൽ ഒരു പദത്തിന്റെ എട്ടിലൊന്നുകൊണ്ടും ഭിത്തികളുടെയും സൂത്രങ്ങളുടെയും വിസ്താരം കല്പിക്കണം

അവ— ഭൂമിയിന്റെയും ഗൃഹത്തിന്റെയും സൂത്രവേധം പറഞ്ഞപ്പോൾ പ്രസ്തുതവശാൽ ഗൃഹോപഗൃഹാദികളുടെ അന്യോന്യവേധത്തെയും വർജ്ജിക്കണമെന്നു പറയുന്നു

സമസ്തശാലാങ്കണകൂപവാപീ-
ദ്വാരാദിമദ്ധ്യസ്ഥിതസൂത്രവേധഃ
വിമിശ്രവാസ്തുഷ്വപി വർജ്ജനീയോ
ഭേദാംശ്ച കോണാലയകർണ്ണയോശ്ച ൧൮

വ്യാ— നാലുപുരകൾക്ക പുറമെയുള്ള ശാലമുതലായ ഉപഗൃഹങ്ങളുടെയും, അങ്കണം, കിണറു, കുളം, ദ്വാരങ്ങൾ, മുതലായവറ്റിന്റെയും, മദ്ധ്യസൂത്രങ്ങളും, ഭിത്തികളും, കോൺഗൃഹങ്ങളുടെ കർണ്ണങ്ങളും അന്യോന്യം വേധിക്കുന്നതിനെ വർജ്ജിക്കണം

അവ— ഇനി രണ്ടു ശ്ലോകങ്ങളെക്കൊണ്ടു പുരയുടെ ഇന്നിന്ന ഭാഗങ്ങളിൽ ഇന്നിന്ന വൃക്ഷങ്ങൾ ശുഭാശുഭങ്ങളെ ചെയ്യുമെന്നു പറയുന്നു.

പൂർവ്വസ്യാം ബകുളോ വടശ്ച ഉദുംബരോ-
ദ്യാമ്യാം ച തിന്ത്രിണികാ
ശിഷ്ടാ വാരുണ്യാം തു പിപ്പലതരു-
സ്സപ്തച്ഛദോഽപി സ്ഥിതഃ
കൌബേര്യ്യാം ദിശി നാഗസംജ്ഞിതതരുഃ
പ്ലക്ഷശ്ച സംശോഭനാഃ
പ്രാച്യാദൌ പനസഃ ക്രമാൽ ക്രമുകകേ
രാമ്രാശ്ച സമ്യക് ച. ൨൧

വ്യാ—ഗൃഹത്തിന്റെ കിഴക്കുപുറത്ത് ഇലഞ്ഞിയും പേരാലും, തെക്കുപുറത്ത് അത്തിയും പുളിയും, പടിഞ്ഞാറ് അരയാലും പാലയും, വടക്ക് നാഗമരവും ഇത്തിയും, ഉത്തമങ്ങളാകുന്നു. പിന്നെ കിഴക്കുതുടങ്ങി നാലുദിക്കിലും ക്രമേണ പ്ലാവ്, കവുങ്ങ്, തെങ്ങ്, മാവ് ഇവകൾ ശ്രേഷ്ഠങ്ങൾ. ഇവ നാലും എല്ലാദിക്കുകളിലും കൊള്ളുന്നതുമല്ല

അശ്വത്ഥോഗ്നിഭയം കരോതി തനയാ
പ്ലക്ഷഃ പ്രമാദപ്രദഃ
ന്യഗ്രോധഃ പരശസ്ത്രപാതമപി ച
വ്യാധിം തദൌദുംബരഃ
സർപ്പാംശ്ച പ്രതിദിക്ഷു വിഹിതാസ്ത്വപി ച ശ-
ച്ഛേത്വാ സമഗ്രാണ്യതാ
ശ്ലേഷ്മാതകാനിതഗൃഹ്യശ്മശാനി-
ദാരുണതനയം തരി ൨൨

വ്യാ—ഇങ്ങിനെ ചൊല്ലപ്പെട്ട ദിക്കിന്റെ മറ്റേതിൽ നിന്നാൽ മേൽപറഞ്ഞ വൃക്ഷങ്ങളിൽ അരയാൽ അഗ്നിഭയത്തെയും, ഇത്തി പ്രമാദത്തെയും, പേരാൽ ശത്രുക്കളുടെ ആയുധംകൊണ്ടു മുറിപ്പെടുവാനുള്ള സംഗതിയെയും, അത്തി ഉദരവ്യാധിയെയും ഉണ്ടാക്കും. ഈ വൃക്ഷങ്ങളും അല്ലെങ്കിൽ വേറെ വല്ല വൃക്ഷങ്ങളോ—അതു, പൊന്നകൊമ്പുണ്ടായിട്ടുള്ളതോ ആയിട്ടുള്ളതായാലും—ഗൃഹത്തിന്മേൽ നില്ക്കുന്ന വൃക്ഷത്തിന്റെ പേര

കത്തിൽ ഇരുട്ടി ദൂരത്തല്ലാം നിൽക്കത്തക്കതാകിൽ ഒരിച്ചു കളയേ ണ്ടതാകുന്നു ('സ്വഗൃഹാൽ' എന്ന പദ്യത്തിന് ഇടത ഭാഗത്ത വലത്ത ധനാലയത്തിനോടടുത്ത് എന്ന അർത്ഥമല്ല)

അഥ — ഇനി എവിടെ നിന്നാലും നന്നായിട്ടുള്ള ചില വൃക്ഷാദികളെപ്പറയുന്നു

ശസ്താ മന്ദിരപാർശ്വപൃഷ്ഠദിശി ഇ
ശ്രീവൃക്ഷബില്വാർജ്ജുനം
വ്യാധിഘ്നാമലകീസുരദ്രുമശിലാ
ശ്ലേഷ്മാതകശ്ചാക്ഷക
പുന്നാഗാശനചമ്പകാശ്ച ഖദിര,
സ്യുഃ കേസരോ ദ്രാക്ഷയോ
ര്മൃദ്വീകാലതിമല്ലികാദിലതികാ .
സ്സുവ്യക്ത സംഖ്യാ ന ഹി. ൧൫

വ്യാ — കമുക്, കൂവളം, കടക്കനം, കൊന്ന, നെല്ലി, ദേവതാരം, അശോകം, ചന്ദനം, പുന്ന, വേങ്ങ, ചമ്പകം, കരിങ്ങാലി ഇവകൾ ഗൃഹത്തിന്റെ ഇടത്തും വല ത്തും പിന്നിലും നിൽക്കുന്നതു നല്ലതാകുന്നു. അതുപോലെ വാഴ, മുന്തിരി, ചേന, ചേമ്പു മുതലായ സസ്യങ്ങളും, ഉഴു ന്ന, പയറു, കടല, കൊത്തമ്പു, തുവര, കമ്പം, ചോളം, വ രക മുതലായ ധാന്യങ്ങളും, മുല്ല, പിച്ചകം മുതലായ പുഷ്പ ലതകളും ഗൃഹത്തിന്റെ എല്ലാ ഭാഗങ്ങളിലും ശോഭനങ്ങളാ [illegible].

അഥ — ഇനി രണ്ടു ശ്ലോകങ്ങൾകൊണ്ടു വൃക്ഷങ്ങളുടെ ജാ തി തിരിച്ച്, അവയെ ഗൃഹത്തിന്റെ പുറത്ത് ഏതേതു ദി ക്കുകളിലാണ നിറുത്തേണ്ടതെന്നു പറയുന്നു

അന്തസ്സാരാസ്തു വൃക്ഷാഃ പനസതരുമുഖാ
സ്സർവ്വസാരാശ്ച ചിഞ്ചാ-
ശാകാദ്യാസ്സ്യുർബഹിസ്സാരകതരവഃ .
സ്യുഃ ബഹിസ്സാരവൃക്ഷാഃ

നിസ്സാരാശ്ശിഗ്രുസപ്തച്ഛദമുരുകതരാഃ
കിംശുകാദ്യാശ്ച കാഷ്ഠാ-
ന്യന്തസ്സാരാണി ബാഹ്യേ ബഹിരപി ച തഥാ-
സ്സ്യുസ്സാരാണ്യമന്യേ ൨൨

വ്യാ—പ്ലാവ്, അഞ്ഞിലി മുതലായ മരങ്ങൾ അന്തസ്സാരങ്ങൾ (ഉള്ളിൽ കാതലുള്ളവ) ആകുന്നു. വാകവൃക്ഷം, തേക്ക മുതലായവ സർവ്വസാരങ്ങളും (എല്ലാഭാഗങ്ങളും ഉറപ്പുള്ളവ) ആകുന്നു. കരിമ്പന, തെങ്ങ്, കമുങ്ങ്, മുള മുതലായവ ബഹിസ്സാരങ്ങളും (പുറമെ കാതൽ-കാട്-ഉള്ളവ) ആകുന്നു. മുരിങ്ങ, പാല, വാക, മുരിക്ക്, പ്ലാശ് മുതലായവ നിസ്സാരങ്ങളും (കാതൽ-ഉറപ്പ് ഇല്ലാത്തവ) ആകുന്നു. ഇവയിൽവെച്ച് ആദ്യം പറഞ്ഞ അന്തസ്സാരവൃക്ഷങ്ങൾ പുറമേ വെളിവും തടിയുള്ള അകത്തിന്റെ ഭാഗങ്ങളും, സർവ്വസാരങ്ങൾ അതിന്റെ പുറത്തും, ബഹിസ്സാരങ്ങൾ അതിന്റെ പുറത്തും ആയിരിക്കണം. നിസ്സാരങ്ങൾ എല്ലാററിനും പുറത്തായിരിക്കണമെന്നു സിദ്ധമാണല്ലോ. എന്നാൽ സർവ്വസാരങ്ങളെ അന്തസ്സാരങ്ങൾക്കും പുറത്തു നില്ക്കേണ്ടവയെന്നു പറഞ്ഞിരിക്കയാൽ, അവയ്ക്ക് ഉറപ്പു കുറവില്ലല്ലോ; അവ മരാവശ്യങ്ങൾക്കുകൊള്ളാമെന്നു വിചാരിക്കണം.

അഥ—കട്ടിയിലപ്പ പറമ്പിൽ മരങ്ങളും നിറുത്തുവാൻ കൊള്ളരുതാത്തവയും, പുരയ്ക്കടുത്തു കൊള്ളരുതാത്തവയും ആയ വൃക്ഷങ്ങളെപ്പറയുന്നു

കാരസ്കരശ്ലേഷ്മകണ്ടകിദ്രു-
ശ്ലേഷ്മാതകാക്ഷോടകപിത്ഥബില്വാഃ
ക്ഷീരോപാദപാശ്ചവൃക്ഷാ സ്ത്രീനാമ വൃക്ഷാഃ
സർവ്വത്ര നേഷ്ടാ അപി ശിഗ്രവാദ്യാഃ ൨൩

വ്യാ—കാഞ്ഞിരം, ചേര്, പശുകരവ്, നറുവരി, താന്നി, ഉക, വേപ്പ്, പൊടക്കാവള്ളി, കള്ളി, എരുക്കഞ്ഞി, ഇ

ല പുരപണിയുന്ന പറമ്പിൽ എന്തെല്ലാം കൊള്ളരുതു് എന്തെ ല്ലാം എടുത്തും കൊള്ളരുതു്.

അവ—ഇനിയൊരു ശ്ലോകംകൊണ്ടു പറമ്പിന്റെ ഉച്ചനീചത്വങ്ങളെക്കൊണ്ടുള്ള ഗുണദോഷങ്ങളെപ്പറയുന്നു

ഇന്ദ്രാദികാനാമപി സംസ്ഥിതാനാം.
ശാസ്ത്രോക്താനാം ക്രമാൽ
ഗോവന്യൂനകളതാദിനാമകാ.
ധാത്രീശയന്ത്യഭേദാഃ
വിശ്വസൃജ ക്രമശോ വിധ്യയനാത്.
ന്യൂനോന്നതാന്തരിത്യാ
ഭാഗ്യാന്തരാന്തരിതങ്ങളും
പൃത്യം ഫലം പ്രോക്തയേ ൯. ൪

പു—കിഴക്കു താണു പടിഞ്ഞാറു് ഉയർന്ന പറമ്പിനു 'ഗോ'വീഥിയെന്നു പേർ അവിടെ പുര പണിയിച്ചാൽ എല്ലാസമ്പത്തുകളും വർദ്ധിച്ചിരിക്കും അഗ്നികോണു താണു വായുകോണു് ഉയർന്നിരുന്നാൽ ആ ഭൂമിക്കു് 'അഗ്നി'വീഥിയെന്നു പേർ ധനനാശം ഫലം. തെക്കു താണു വടക്കുയർന്നിരുന്നാൽ 'യമ'വീഥിയെന്നു പേർ അതിനു മരണം ഫലം. നിരൃതികോണു താണു് ഈശാനകോണു് ഉയർന്നിരുന്നാൽ 'ഭൂത'വീഥിയെന്നു പേർ. ധനനാശം ഫലം. പടിഞ്ഞാറു താണു കിഴക്കുയർന്നിരുന്നാൽ 'ജല'വീഥിയെന്നു പേർ. ദാരിദ്ര്യം ഫലം. വായുകോണു താണു് അഗ്നികോണുയർന്നാൽ 'നാഗ'വീഥി. പുത്രനാശം ഫലം. വടക്കു താണു തെക്കു് ഉയർന്നിരുന്നാൽ 'ഗജ'വീഥിയെന്നു പേർ ധനവൃദ്ധി ഫലം. ഈശകോണു താണു നിരൃതികോണു് ഉയർന്നാൽ 'ധാന്യ'വീഥിയെന്നു പേർ സമ്പത്തു ഫലം ഇതിനു വിപരീതമായിരുന്നാൽ വിപരീതം ഫലം.

അവ—ഇനി പുരപണിയുന്നതിനടുത്തു ദേവാലയങ്ങൾ ഉണ്ടായിരുന്നാൽ അവയിലെ മൂർത്തിഭേദം അനുസരിച്ചുള്ള ഗുണദോഷങ്ങളെപ്പറയുന്നു

വാമേ പാൎശ്വേ ച പൃഷ്ഠേ മുരരിപുഹരയോ-
ർഭക്തിതോപ്യുഗ്രരൂപേ
കാലാദ്യൈശ്ച കാൎയ്യന്നമിതമപി വിബുധ-
സ്ത്വഖിലഃ സ്യാദുഗ്രമൂൎത്തേഃ
നിമ്നസ്ഥാനസ്ഥിതസ്യ ച ധനനിലയ
മന്ദയാനാം നിവാസ-
ശ്ചാത്യന്തോന്നതസ്യപ്യമിഹ ഭവിതരി-
ക്ത സ്ഥിതിസ്സ്വാമകാനാം.

വ്യാ.—വിഷ്ണുവിന്റെ എടത്തുഭാഗത്തും പിന്നിലും, ശിവൻ ഭദ്രകാളി മുതലായ എല്ലാ ഉഗ്രമൂൎത്തികളുടെയും, താന്ന സ്ഥലത്തിരിക്കുന്ന ധനസ്ഥന്റെയും വലത്തുഭാഗത്തും മുമ്പിലും, ഉയൎന്ന ഭൂമിയിൽ പുരപ്പണിയിച്ചു താമസിക്കുന്നവൎക്ക് അത്യന്തം ഐശ്വൎയ്യം സംഭവിക്കും. മേൽപറഞ്ഞതിന്റെ വിപരീതമായ ദിക്കുകളിൽ ഗൃഹനിൎമ്മാണംചെയ്യുന്നത് ദോഷകരം തന്നെ.

ശേഷം – ഗൃഹനിൎമ്മാണത്തിനു കൊള്ളരുതാത്ത ചില പ്രദേശങ്ങളെയും മറ്റും പറയുന്നു

ശ്രീപീഠക്ഷേത്രാദിദേവാലയതലയിതടീ-
തീരപാഷാണഗോഷ്ഠ-
ഭൂമ്യാദീനാമതീവാന്തികമപകടതേ
മനകയാ മന്ദിരേഷു
ദേവാഗാരോന്നതാനാമതിഭ്രമവേദിമം
കിഞ്ചിച്ഛന്നം സമം വാ
തസ്മാന്ന്യൂനതം ച പ്രതിലവിധിതതി-
വ്യാതിഭിർന്നേഷ്യതേ ഽദ്ധ ഛേന്ന

വ്യാ.—നെൽവയൽ, ദേവാലയം, സമുദ്രം, നദി, ക്ഷുദ്രക്ഷേത്രം, ഗോശാല, പൎവ്വതം (അല്ലെങ്കിൽ വലിയ പാറ) എന്നിവയുടെ ഏറ്റവും അടുത്തു പുരപ്പണിതാൽ പലപ്രകാരം അനൎത്ഥങ്ങളുണ്ടാകും. ദേവാലയത്തോട് അധികം അ

ട്ടതാണെങ്കിൽ, ദേവാലയത്തേക്കാൾ ഉയരം കുറച്ചും സമമായിട്ടും മാത്രമേ മനുഷ്യാലയം പണിയിക്കാവൂ. കുറഞ്ഞിരിക്കുന്നതാണ് അധികം നല്ലത്. ദേവാലയത്തെക്കാൾ ഉയരമേറിട്ടോ മുട്ടികയായിട്ടോ പണിചെയ്യിക്കുന്നത് ഒട്ടും നന്നല്ല.

അഥ— പറമ്പിന്റെ ഉച്ചനീചത്വങ്ങളെക്കൊണ്ടുള്ള ഗുണദോഷങ്ങളെ "ഇന്ദ്രാശേഭിന്നം" എന്ന ശ്ലോകംകൊണ്ടു പറഞ്ഞുവല്ലോ. ഇനി ഗുണഫലം ശത്രുകലം ദിശനിൽ തന്നെ പറയുന്നു

ഐശ്വര്യം ധനിത്വം പ്രഥമമഥ ക്രമാൽ
 കല്പിതം സൗഭാഗ്യം
വൃദ്ധിഃ പ്രാഗുന്നതായാമപി ശുഭമഥവാ
 മന്ത്രനാശം ശത്രുനാശം
സൗഭാഗ്യം നിർഋത്യാം തയമണിതഭ
 വാരുണേ ചോരഭയം
ശേഷാസു പ്രോച്ഛ്രിതാസ്വാസ്വ ഉപരി നിജോ-
 ക്താൽ വിപരീതം ഫലം സ്യാൽ. ൧൧

വ്യാ— തെക്കും കിഴക്കും ഉയർന്ന പറമ്പിൽ പുര പണിതാൽ ആദ്യം പറഞ്ഞകൊല്ലത്തേക്ക ഫലങ്ങളുണ്ടാകും. അഗ്നികോണം ഒഴികെശേഷവും ഉയർന്ന പറമ്പിൽ ആറുകൊല്ലത്തേക്കും, നിരൃതികോൺ ഉയർന്ന പറമ്പിൽ ആയിരം കൊല്ലത്തേക്കും, പടിഞ്ഞാറുഭാഗം ഉയർന്ന പറമ്പിൽ അഞ്ചു വകൊല്ലത്തേക്കും, വായുകോണുയർന്ന പറമ്പിൽ പന്തിരാണ്ടേക്കും, വടക്കുഭാഗം ഉയർന്ന പറമ്പിൽ എട്ടുകൊല്ലത്തേക്കും, ഈശാനകോണുയർന്നതിൽ ആറുകൊല്ലത്തേക്കും, അഭിവൃദ്ധിയുണ്ടാകും. അതിനുമേൽ "ഇന്ദ്രാശേ" എന്ന ശ്ലോകത്തിൽ അതാതിനു പറഞ്ഞിട്ടുള്ള ഫലങ്ങൾ തന്നെ എന്നു ഗ്രഹിച്ചുകൊൾക.

അഥ— ഇനി ബ്രാഹ്മണാദിവർണ്ണക്കാരെപ്പറ്റി, ഭൂമി

യുടെ ചില ഭാഗങ്ങളിലെ [illegible] കൊണ്ടും, ചി
ല [illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

൨. [illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

വ്യാ—കോൽപ്പലിൽ ഇരിക്കുന്ന എട്ട് അണുക്കളുടെ ഇടക്ക് ഒരു യവത്തിന്റെ വിസ്താരമാകുന്നു (യവം—നെല്ല്) എട്ടു യവം കൂടിയതു മാത്രാംഗുലം. പന്ത്രണ്ട് അംഗുലം കൂടിയതു വിതസ്തി. വിതസ്തി രണ്ടു കൂടിയതു് ഒരു കോൽ. ഇതിന്നു കരം, കിഷ്കു, അരത്നി, ഹസ്തം, ഭോസ്സ്, കുഷ്ഠി, മറ്റും ഇത്യാദി പേരുകൾകൂടിയുള്ളതായി പറയുന്നു. ഈ കോലു കൾ നാലു കൂടിയതു് ഒരു ദണ്ഡാകുന്നു. ഈ ദണ്ഡിനെ മറ്റു ശാസ്ത്രാലയത്തിൽ സർവ്വാന്ന്യാ അംഗീകരിക്കുന്നു. ഈ വിഷയത്തിൽ 'ശാന്തിതിലകം' എന്ന ഗ്രന്ഥത്തിൽ താഴെ കാണിക്കുന്നപ്രകാരം പറഞ്ഞിരിക്കുന്നു. "കണ്ണുക്കിന്നു ഒസ്യന്ത്യ മധ്യമാംഗുലി പർവ്വണഃ മധ്യ ന്ത്യ ദീർഘമാനേന മാത്രാംഗുലമുദീരിതം" എന്ന്

അവ—ഇനി കോലുകളുടെ ഭേദങ്ങളേയും, ഉപയോഗങ്ങളേയും പറയുന്നു.

മാത്രാംഗുലിപഞ്ചവിംശതിമിതം
 കംസം വിധേയംനൃഭിഃ
പ്രാജാപത്യമഥോ ധനുർഗ്രഹമിതി
 പ്രോക്തം ത്രിമാത്രാധികം
ഗ്രാമാദേർവിധയമാനമിതം
 ധനുർമുഷ്ടികം
മാത്രാംഗുലനികേ തത്രചിഹ്നം
 ഷഡിമ ശതിപ്രാപ്തിതൈഃ ൪൦

വ്യാ—മാത്രാംഗുലം ഇരുപത്തഞ്ചു കൂടിയ കോലിന്നു 'പ്രാജാപത്യം' എന്നു പേർ. ഇതു വിമാനങ്ങളെപ്പറ്റി വേണ്ടതാകുന്നു. ഇരുപത്തേഴംഗുലം കൂടിയ കോൽക്കു 'ധനുർഗ്രഹം' എന്നു പേർ ഇതു ഗ്രാമാദികളെ അളപ്പാൻ ഉപയോഗിക്കുന്നു. ഇരുപത്തൊമ്പതു മാത്രാംഗുലം കൂടിയാൽ അതുകൊണ്ടു 'ധനുർമുഷ്ടികം' എന്ന പേരോടുകൂടിയതും, ചിലടത്തു പറമ്പു അളപ്പാൻ ഉപയോഗിക്കപ്പെടുന്നതുമാകുന്നു

ഷഡ്ഭിഃ സപ്തഭിരഷ്ടഭിഃ ക്രമാദ്യവൈ-
ര്യുൽകൃഷ്ട ഇത്യംഗുലോ-
ക്തേഷ്വേന ച മാനമത്ര കഥയിൽ
സമ്പാദിതം ദ്വ്യമം
ഹസ്തമനേന ഗൃഹാദ്യംഗുലമാനേ-
ഷ്വപ്യവധി സ്യാത്ത്രയേ-
ഷ്വനയാഷ്ടിതി ദൃഢോംഗുഷ്ഠമിതോ
മനോയത്ര ഖല്ലു ദൃഢഃ ൪൩

വ്യാ — ആറ്, ഏഴ്, എട്ട്, എന്നീ കൂടിയാൽ ക്രമത്തിൽ ഉത്തമമധ്യമകനിഷ്ഠങ്ങളാകുന്ന അംഗുലങ്ങൾ ഉണ്ടാകുന്നു. ഇങ്ങനെയുള്ള അംഗുലങ്ങളെക്കൊണ്ടും മേൽപ്പറഞ്ഞ പ്രകാരം ഭവനങ്ങളും ഗൃഹങ്ങളും ഉണ്ടാക്കിച്ചിട്ടുള്ളത് ഗ്രന്ഥവശാൽ കാണപ്പെടുന്നു. ഹസ്തം മുതലായ കോലു കൊണ്ടളക്കുന്ന അളവുകളുടെ ചിലേടത്തു് ഉത്തമമായ അംഗുലങ്ങളെക്കൊണ്ടും, സിദ്ധമായില്ലെങ്കിൽ മറ്റേ രണ്ടംഗുലങ്ങളെക്കൊണ്ടും അളന്നുകാണേണ്ടതാണ്. നാലുകോലു കൂടിയ ദണ്ഡിനു 'യഷ്ടി' എന്നും, എട്ടു ദണ്ഡു കൂടിയതിനു 'രജ്ജു' എന്നും പേർ പറയുന്നു.

ശ്ലോ — ഇനി ലക്ഷണമുള്ള വസ്തുക്കളെ ഗ്രഹിപ്പിക്കുന്ന ലക്ഷണങ്ങളെ വിധിക്കുന്നു.

ആകാരൈഃ പ്രതിമാദികം ച യദിദം-
ർമ്മാണം ച തക്ഷാദികം
പദ്മപ്രായമനേകശോ ഭവതി-
ലം സ്യാദ് ദ്വിജന്മ ക്രമഃ
ശസ്ത്രാദ്യം ദൃഢമധികമംഗുലിദ്വയം
നൈവം ച കർമ്മ സതാം
ദൃഷ്ട്വാ ശിൽപികമാനദികരം
ലക്ഷണം യഥാക്രമമാഹുഃ ൪൪

വ്യാ — പ്രതിമ, കിരീടം, പത്മം, എന്നിത്യാദികളെ താലം അംഗുലം എന്നിവകൊണ്ടും, ഗുണനാദികളെ യവങ്ങളെക്കൊണ്ടും, ചതുരം, പൃഥ്വി, ചതി മുതലായവകൾ വിതസ്തി (കോൽ) കൊണ്ടും, ശയ്യാദികളെ കോൽവിരലിന്റെ വിസ്താരം കൊണ്ടും അളക്കേണ്ടതും, ഗൃഹോപകരണങ്ങളായ ശസ്ത്രം മുതൽ എന്നിവയുടെയും പലക മുതലായവയുടെയും അളവുകൾ ദൃഷ്ടികൊണ്ടും അളക്കണം. പിന്നെ ഇവ യോനി വേണമെന്നു പ്രത്യേകം വിധിച്ചിട്ടില്ലാത്തതെല്ലാം ധ്വജയോനി വേണം.

അഥ — ഇവിടെ യോനിയെപ്പറ്റി പ്രസ്താവിച്ചതിനിടയക്കു് ഗൃഹം മുതൽ കൂടാതെ മനുഷ്യർക്കുപയോഗിക്കുന്ന പദാർത്ഥങ്ങൾക്ക് ഇന്നിന്ന യോനിയെന്ന വേറെ പറയുന്നു.

യാനശയനാസനകേതുവാചി വിഹിത
സ്സ്യൂത്രേ ധ്വജോ മുഖ്യതയാ
പക്ഷ്യന്തരിതേ കണ്ഠാഭ രൂപപതിഃ
പിണ്ഡാസനാദ്യേ ഹരിഃ
ഭാണ്ഡേ രൂപതടാകപാത്രമതിയോ
യോനിർവ്വൃഷോ വാ ധ്വജഃ
ഛത്രേ ഭോജനാദി സ്യന്ദനാദികയോ
കേതുസ്ത്രീയോഗ്യസ്ഥിതാ

വ്യാ — തണ്ടു പല്ലക്കു മുതലായ വാഹനങ്ങൾക്കു ധ്വജയോനി വേണം. ഇതു കേതുയോനി എന്നിങ്ങിനെയും കൊള്ളാവുന്നതാണ്. കട്ടില്, കിടക്ക, എന്നിത്യാദി ശയനസാധനങ്ങൾക്കും ശയനാസനങ്ങൾക്കും, പീഠം, പലക മുതലായവ ഇരിപ്പാനുള്ളവയ്ക്കും സിംഹയോനിയും നല്ലതാകുന്നു. ഭരണി, പത്രം, പെട്ടി മുതലായ ധാന്യാദികൾ വെച്ചു സൂക്ഷിക്കുവാനുപയോഗിക്കുന്ന പാത്രം, കിണറു, കുളം, മുതലായ ജലാശയങ്ങൾക്കും, പാത്രങ്ങൾ മുതലായവയുടെ കുറ്റികൾക്കും വൃഷഭയോനിയും കൂടി

കിടക്കം വൃഷയോനിയും, ധ്വജയോനിയോ വേണ്ടതാകു ന്നു. ആൎത്തവം, ഏകതരിത്താം, ഇട്ടസിത്തം, തൃപ്തം മുതലായ തരകൾക്കെല്ലാം ധ്വജയോനി വേണ്ടതാകുന്നു.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു്, മറ്റെ സാധന ങ്ങൾക്കും ഭിത്തികളുടെ എത്രമാത്രം അളവിട്ടാണു യോനി കൊള്ളിക്കേണ്ടതെന്നു വിധിക്കുന്നു

ഗൎത്തസ്ഥാനീഷ്ഠനപാത്രാദിവാപീ
കൂപാദീനാം മൌണ്ടോ ഗൎഭഗേഹേ
ഇത്ഥം പ്രാകാരേ ഭിത്തിമദ്ധ്യേ
കല്പ്യായോനിസ്സൎവ്വത്ര യോജ്യ. ൪൪

വ്യാ — നാഴി, ഇടങ്ങഴി, നാഴിയും, പറ എന്നിതുമുതലായ അളവുപാത്രങ്ങൾക്കും, കുളം, കിണറു മുതലായവയ്ക്കും, ശ്രീകോവിലിന്റെ ഗൎഭഗൃഹത്തിന്നും (ഗൎഭഗേഹമുള്ളതു) ഉള്ളിലാകുന്നു യോനികല്പന ചെയ്യേണ്ടതു്. പ്രാകാരങ്ങൾ ചുറ്റുമതിലുകളുടെ ഉത്തരവീതിയുടെ മദ്ധ്യത്തിൽ യോനി കല്പിക്കണം എന്നു പറയപ്പെട്ടിരിക്കുന്നു. മറ്റുള്ളേടത്തെല്ലാം പുറത്തു യോനി കൊള്ളുന്നതാകുന്നു.

അവ — ഇനി പതിമൂന്നാം ശ്ലോകത്തിൽ പറഞ്ഞ ക്രമ പ്രകാരം ഗൃഹങ്ങളാക്കുവാൻ യോഗ്യമാണെന്നു പരീക്ഷിച്ചു നിശ്ചയിച്ചു ദിക്നിൎണ്ണയം ചെയ്തു സ്വീകരിച്ച ഭൂമിക്കുള്ള ദി ക്കു ചെയ്യേണ്ടുന്ന പദവിന്യാസങ്ങൾ മുതലായ ഗൃഹ ങ്ങളുണ്ടാക്കേണ്ടതിന്നായിട്ടു ഉപയോഗിക്കുന്ന വീഥിവിന്യാസങ്ങളെ പറയുന്നു.

യാവൽ കല്പിതമാകുന്നു ഗൃഹവിമാനം
സ്യാദ്വാ പിതാ താവതീ
വീഥിവിസ്തൃതിരത്ര മാനകാ
മധ്യാദയോത്ര്യം താഃ

ഭേദാത്തുല്യടങ്ങുന്നാതാദൃശം സവിതതാം
        വീഥീം പ്രകല്പ്യത്തതാം
പ്രാമാണ്യം വിപുലം ഭവേൽ സലിലവി-
        സ്തൃതാവ യൈനാ ത ദ്ദ ൪൭

പ്ര—ഗവയിൽ വിഗ്രഹവിസ്താരത്തെ നിശ്ചയിക്കേണ്ടതിനു, ഗ്രഹത്തിന്റെയും നക്ഷത്രത്തിന്റെയും പ്രമാണങ്ങൾ ഒന്നുതന്നെ നിശ്ചയിച്ചിട്ട വേണം. നക്ഷത്രബിംബം എത്രയുണ്ടോ അതിൽ പകുതിയും കൂടി കൂടിയതു് ഒരു വീഥിയുടെ വിസ്താരമെന്നു കല്പിക്കണം. ആ വീഥിവിസ്താരത്തെ മൂന്നിൽ ഒന്നു കല്പിച്ചാൽ അതിന്റെ പതിനെട്ടിൽ ഒന്നു ഭൂമിയുടെ വിസ്താരം കല്പിക്കേണ്ടതു് ഉത്തമമാകുന്നു. പിന്നെ നക്ഷത്രബിംബത്തോളം വീഥിവിസ്താരം കല്പിക്കയുള്ള മദ്ധ്യമമാകുന്നു. അതിലും കുറഞ്ഞാൽ അധമം. നക്ഷത്രബിംബത്തോളവും അതിൽ പകുതിയും കൂടിയതു വീഥിവിസ്താരമെന്നു കല്പിക്കുമ്പോൾ പഞ്ചപക്ഷികൾ ചെറുതുമായിട്ട് ഗ്രഹങ്ങളുടെ വീഥികൾ തെളിയുകയില്ലല്ലോ. വീഥിവിസ്താരം നക്ഷത്രബിംബത്തോളം മാത്രം കല്പിക്കുമ്പോൾ പുറമേയും മറ്റുള്ള ഗ്രഹങ്ങളുടെ വീഥികളിൽ തൊടുകയുള്ള നക്ഷത്രബിംബത്തിൽ കുറഞ്ഞ വീഥിവിസ്താരം കൊള്ളുമ്പോൾ കിഴക്കിനിപ്പുറവും വടക്കിനിപ്പുറവും ആ ഗ്രഹവീഥിയിൽ തട്ടും. ആ വലിയ വെളുപ്പായിട്ടാണ് കിഴക്കിനിയും വടക്കിനിയും ഒരു വീഥിയിൽ ചേരുന്നിടം. അതിനാൽ പല വെളുപ്പായി പറഞ്ഞതെന്നു് ഇവ പലതും പലതരത്തിലുമാണ്. കൂടിയതും വലുതുമായ ഗ്രഹവീഥിയിൽ വരേണ്ടതു്.

ഇനി—ഗ്രഹങ്ങൾ ഒരു വ്യൂഹമായി കൊണ്ടു വീഥികളുടെ സ്ഥിതി ഏതു പ്രകാരത്തിലാണെന്നു പറയുന്നു

നക്ഷത്രങ്ങളുടെ നാലുവീതിയായ
        ബാഹ്യ്രാദിരാശ്യന്തരാ
വിഭ്രൂമദ്ധ്യ്ര പരിതോ ചിരാഖതിയിലെ-
        മദ്ധ്യമായിട്ടുള്ളതിങ്ങനെ.

വീഥീവിന്യാസം



[illegible]
[illegible]
[illegible]
[illegible] ൪൩

